# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 | ലക്കം 15 | പേജ് 8 | ജൂൺ 1–15

2 നൈജീരിയായിൽ ക്രിസ്ത്യാനികൾ പ്രതി സന്ധിയിൽ

3 സഭാമാനേജിംഗ് കമ്മിറ്റിയിലേക്കുള്ള നോമിനേഷൻ

4 സഭാതർക്കത്തിന് പരിഹാരം

5 ചോദ്യോത്തരങ്ങൾ

## സഭാതർക്കത്തിൽ രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിക്കണമെന്ന് ഓർത്തഡോക്സ് സഭ

തിരുവനന്തപുരം : മലങ്കരസഭയിൽ വടക്കൻ ഭദ്രാസനങ്ങളിലെ പള്ളികളുടെ കൈവശാവകാശം സംബന്ധിച്ച് ഉണ്ടാകുന്ന തർക്കങ്ങളിൽ ആ പ്രദേശങ്ങളിൽനിന്നുള്ള യു.ഡി.എഫ്. നേതാക്കന്മാരുടെ പക്ഷപാതപരമായ ഇടപെടലുകൾ അവസാനിപ്പിക്കണമെന്ന് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആവശ്യപ്പെട്ടു. കോടതിവിധി നടപ്പാക്കാനുള്ള ആർജ്ജവത്വം സർക്കാർ കാണിക്കണമെന്നും അദ്ദേഹം പറഞ്ഞു. കോടതിവിധി പ്രതികൂലമാകുമ്പോൾ അക്രമണങ്ങളിലൂടെ സഭയുടെ ദേവാലയങ്ങൾ പിടിച്ചെടുക്കാനുള്ള നീക്കമാണ് യാക്കോബായ വിഭാഗം നടത്തുന്നതെന്നും എം.എൽ.എ.മാരുൾപ്പെടെയുള്ള ചില ഭരണകക്ഷിനേതാക്കന്മാർ പരസ്യമായി തന്നെ ഇതിന് ഒത്താശ ചെയ്യുന്ന നിലപാട് ഒരിക്കലും അനുവദനീയമല്ലെന്നും പ.ബാവാ പറഞ്ഞു. ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ ഇരിക്കുന്ന രാഷ്ട്രീയ നേതാക്കന്മാർ യാക്കോബായ സഭയുടെ ധാർഷ്ട്യത്തിനു മുമ്പിൽ കീഴടങ്ങുന്നത് ശരിയല്ലെന്നും പുരോഹിതന്മാരെയും വിശ്വാസികളെയും അക്രമിക്കുന്ന ക്രിമിനലുകളെ സംരക്ഷിക്കുന്ന നടപടി ആശാസ്യമല്ലെന്നും പ.ബാവാ പറഞ്ഞു. പല കോടതിവിധികൾ അനുകൂലമായിട്ടുണ്ടെങ്കിലും നടപ്പാക്കാൻ വയ്യാത്ത അവസ്ഥയാണുള്ളത്. നീതിയും ന്യായവും നിലനിർത്തേണ്ട സർക്കാർ സംവിധാനങ്ങൾ അനീതിക്കും കയ്യേറ്റങ്ങൾക്കും കൂട്ടുനിൽക്കുന്നത് അംഗീകരിക്കാൻ കഴിയില്ലെന്നും പ.ബാവാ പറഞ്ഞു.

തിരുവനന്തപുരത്ത് ചേർന്ന സഭാമാനേജിംഗ് കമ്മിറ്റി യോഗത്തിനു ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു പ.കാതോലിക്കാ ബാവാ. മാമ്മലശ്ശേരി പള്ളിയിൽ പോലീസ് അധികാരികളുടെ അനുമതിയോടെ കുർബ്ബാന അർപ്പിക്കാൻ ചെന്ന വൈദികട്രസ്റ്റി ഫാ.ജോൺസ് ഏബ്രഹാമിനെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ച പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്നും നീതി നടപ്പാക്കാൻ സർക്കാർ അടിയന്തിരമായി ഇടപെടണമെന്നും പ.ബാവാ പറഞ്ഞു. ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ്, കണ്ടനാട് ഭദ്രാസനാധിപൻ ഡോ.തോമസ് മാർ അത്താനാസിയോസ്, തിരുവനന്തപുരം ഭദ്രാസനാധിപൻ ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തുടങ്ങിയവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## മലങ്കരസഭയുടെ 2012–2013–ലെ ബജറ്റ് സഭാമാനേജംഗ് കമ്മിറ്റി പാസ്സാക്കി

കോട്ടയം : കോട്ടയം പഴയസെമിനാരിയിൽ പ.കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന മാനേജിംഗ് കമ്മിറ്റി യോഗം മലങ്കരസഭയുടെ 2012–2013–ലെ ബജറ്റ് പാസ്സാക്കി. അസോസിയേഷൻ സെക്രട്ടറി ഡോ.ജോർജ് ജോസഫ് അവതരിപ്പിച്ച 5753 ലക്ഷം രൂപാ വരവുചെലവുകൾ പ്രതീക്ഷിക്കുന്ന ബജറ്റാണ് മാനേജിംഗ് കമ്മിറ്റിയോഗം അംഗീകരിച്ചത്. സാധാരണ പോലെ എ,ബി,സി,ഡി എന്നീ നാലു ഷെഡ്യൂളുകളായി വേർതിരിച്ചാണ് ബജറ്റ് തയ്യാറാക്കിയിരുന്നത്. മാനേജിംഗ് കമ്മിറ്റി ചർച്ച ചെയ്ത് പാസ്സാക്കേണ്ട എ ഷെഡ്യൂളിൽപ്പെട്ടതാണ് 5753 ലക്ഷം രൂപയുടെ വരവുചെലവു ബജറ്റ്. പ.സുന്നഹദോസിന്റെ അധികാരപരിധിയിലുള്ള ബി ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ഉൾപ്പെടെ 11225 ലക്ഷം രൂപയുടെ ബജറ്റും സ്വതന്ത്ര ഭരണസംവിധാനമുള്ള സി ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങളുടെ 10468 ലക്ഷം രൂപയുടെ ബജറ്റും വിവിധ മെത്രാസനങ്ങളുടെ കണക്ക് ഉൾക്കൊള്ളുന്ന ഡി ഷെഡ്യൂളിൽപ്പെട്ട 8512 ലക്ഷം രൂപയുടെ ബജറ്റും മാനേജിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ചു. മൊത്തത്തിൽ 35958 ലക്ഷം രൂപയുടെ ബജറ്റാണ് മാനേജിംഗ് കമ്മിറ്റി യോഗത്തിൽ അവതരിപ്പിച്ചത്. സഭയുടെ വിവിധ സഹായപദ്ധതികൾക്ക് ആതുര സ്ഥാപനങ്ങൾക്കും വൈദികക്ഷേമനിധി തുടങ്ങിയ പ്രവർത്തനങ്ങൾക്കും മുൻ വർഷങ്ങളേക്കാൾ അധികതുക ഇത്തവണത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബജറ്റിനെ തുടർന്ന് മാനേജിംഗ് കമ്മിറ്റിയിൽ നടന്ന ചർച്ചയിൽ മെത്രാപ്പോലീത്തന്മാരായ സഖറിയാ മാർ അന്തോണിയോസ്, സഖറിയാ മാർ അപ്രേം, സഖറിയാ മാർ തെയോഫിലോസ്, ഫാ.ഡോ.എം.ഒ.ജോൺ ഫാ.സാം കാഞ്ഞിക്കൽ, ഫാ.കുര്യൻ ജോസഫ്, ഫാ.തോമസ് കുന്നുംപുറം, ഫാ.സി.എം. കുറിയാക്കോസ്, ഐ.സി.ചെറിയാൻ, ബാബു പാറയിൽ, പ്രൊഫ.ഡോ.വൈ.ജോയി, ജി.സാംകുട്ടി, കോശി ഉമ്മൻ, ജോസ് ജോർജ്, പ്രൊഫ.ജോസ് വി.കോശി, അഡ്വ. അനിൽ പി.വർഗീസ്, പ്രൊഫ.ബാബു വർഗീസ്, വി.മാത്തുണ്ണി, തങ്കച്ചൻ കൊല്ലമല, പ്രൊഫ.ഡോ.ജിബി ജോർജ്, ബിജു മാത്യു, ജോസഫ് അലക്സാണ്ടർ, ഐ.തോമസ്, കോശി പി.കെ. തുടങ്ങിയവർ പങ്കെടുത്തു.

## മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ മാമ്മലശ്ശേരി സന്ദർശിച്ചു

കോട്ടയം : കോട്ടയത്തു നടന്ന സഭാമാനേജിംഗ് കമ്മിറ്റിയോഗത്തിനുശേഷം പ.കാതോലിക്കാ ബാവായുടെയും മെത്രാപ്പോലീത്തന്മാരുടെയും നേതൃത്വത്തിൽ വൈദികരും സഭാമാനേജിംഗ് കമ്മിറ്റി അംഗങ്ങളും മാമ്മലശ്ശേരി പള്ളി ഇടവകാംഗങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനായി മാമ്മലശ്ശേരി സന്ദർശിച്ചു. സഭയുടെ പ്രശ്നത്തിൽ സഭാംഗങ്ങൾക്കുള്ള ആശങ്ക അറിയിക്കുവാനും വടക്കൻപ്രദേശങ്ങളിലെ സഭാവിശ്വാസികൾക്ക് പിന്തുണ അറിയിക്കുവാനുമായിരുന്നു സന്ദർശനം.

## ഗാന്ധി സ്മരൺ ഓർത്തഡോക്സ് ഗസ്റ്റ് ഹൗസ്

കോട്ടയം : രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സ്മരണകൾ പേറുന്ന സബർമ്മതി ആശ്രമത്തിനു സമീപം അഹമ്മദാബാദ് ഭദ്രാസനത്തിന്റേതായി ഒരു അതിഥി മന്ദിരം പണിയുന്നതിനായി മാനേജിംഗ് കമ്മിറ്റി അംഗീകാരം നൽകി. മലങ്കരയിൽ പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപിച്ചതിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ചുള്ള പ്രത്യേക പദ്ധതിയായിട്ടാണ് ഇത് രൂപീകരിച്ചിരിക്കുന്നത്. സബർമ്മതി ആശ്രമം സന്ദർശിക്കാനെത്തുന്ന അനേകർക്ക് പ്രത്യേകിച്ച് സഭാംഗങ്ങൾക്ക് ഇവിടെ സൗജന്യമായി താമസിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനാണ് ഈ സ്ഥാപനം നിർമ്മിക്കുന്നത്. അഹമ്മദാബാദ് ഭദ്രാസനത്തിന്റെ ചുമതലയിൽ വരുന്ന ഈ മന്ദിരത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നാലുലക്ഷം രൂപാ സഭയിൽനിന്നും ഗ്രാന്റ് നൽകാൻ മാനേജിംഗ് കമ്മിറ്റിയോഗം തീരുമാനിച്ചു.

## സഭവകയായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ കൂടുതൽ സുതാര്യമാകണമെന്ന് മാനേജിംഗ് കമ്മിറ്റി

കോട്ടയം : റാങ്ക് ലിസ്റ്റുകൾ അവഗണിച്ചും സുതാര്യതയില്ലാതെയും സ്വാർത്ഥലക്ഷ്യത്തോടുകൂടിയും സഭവകയായുള്ള സ്ക്കൂളുകളിൽ നിയമനവും പ്രമോഷനും നൽകുന്നതിനെതിരെ കോട്ടയത്തുചേർന്ന സഭാമാനേജിംഗ് കമ്മിറ്റിയോഗത്തിൽ രൂക്ഷ വിമർശനം ഉയർന്നു. മാനേജിംഗ് കമ്മിറ്റി യോഗത്തിൽ നടന്ന ചോദ്യോത്തരവേളയിൽ ജി.സാംകുട്ടി, കോശി ഉമ്മൻ തുടങ്ങിയവരാണ് പ്രശ്നം ഉന്നയിച്ചത്. നിയമനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉയർന്ന റാങ്കുകാർക്ക് പ്രവേശനം നൽകാതെ മറ്റുചിലർക്ക് നിയമനവും പ്രമോഷനും നൽകിയതിനെതിരെയായിരുന്നു വിമർശനം. മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ സന്തോഷ് ബേബി, ജോസ് ജെ.ജോർജ് തുടങ്ങിയവർ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ ചൂണ്ടിക്കാട്ടി സ്ക്കൂൾ നിയമനങ്ങളിൽ സഭാംഗങ്ങളുടെ ഇടയിൽ വ്യാപകമായി ഉണ്ടായിരിക്കുന്ന പ്രതിഷേധം മാനേജിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നു. മാനേജിംഗ് കമ്മിറ്റി യോഗത്തിൽ സംസാരിച്ച പല അദ്ധ്യാപകരും നിയമനങ്ങളിൽ ഉണ്ടാകുന്ന സുതാര്യതയില്ലായ്മയെ ശക്തമായി വിമർശിച്ചു.

## അത്മായട്രസ്റ്റിയുടെ പരാതികൾക്ക് മറുപടിയായി വീണ്ടും പ.കാതോലിക്കാ ബാവായ്ക്ക് കെ.ഒ.വർഗീസിന്റെ നിവേദനം

**അസോസിയേഷൻ യോഗ നടത്തിപ്പുകളെ സംബന്ധിച്ച് നേരത്തെ നൽകിയ പരാതികൾക്ക് അടിയന്തിര പരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് കെ.ഒ. വർഗീസ് പത്തനംതിട്ട വീണ്ടും പ.കാതോലിക്കാ ബാവായ്ക്ക് നിവേദനം സമർപ്പിച്ചു. മുൻപ് സമർപ്പിച്ച നിവേദനത്തിലെ ആരോപണങ്ങൾക്ക് അത്മായട്രസ്റ്റി നൽകിയ മറുപടിയിലെ വാദമുഖങ്ങൾ ഖണ്ഡിച്ചുകൊണ്ടാണ് വീണ്ടും നിവേദനം സമർപ്പിച്ചിരിക്കുന്നത്. നിവേദനത്തിന്റെ പ്രസക്തഭാഗങ്ങൾ**

പ.ബാവാ തിരുമേനി,

2012 മാർച്ച് 7ന് പത്തനംതിട്ടയിൽ നടന്ന മലങ്കര അസോസിയേഷൻ നടത്തിപ്പ് സംബന്ധിച്ച് 21-03-2012-ൽ ഞാൻ സമർപ്പിച്ചിരുന്ന പരാതിയിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ലെന്നുള്ള വിവരം ഖേദപൂർവ്വം അവിടുത്തെ ശ്രദ്ധയിൽകൊണ്ടുവരുന്നു. മലങ്കര അസോസിയേഷൻപോലെ സുപ്രധാനമായ ഒരു സമ്മേളനത്തിന്റെ പ്രാധാന്യവും ഗൗരവവും കണക്കിലെടുത്ത് ചെയ്യേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിലുണ്ടായ വീഴ്ചയാണ് പരാതിയിൽ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നത്. അതുപോലെ മൂന്ന് കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചിരുന്നു.

1. ഫുഡ് കമ്മിറ്റിയുടെ പ്രവർത്തനത്തിലെ വീഴ്ച
2. പന്തൽ നിർമ്മാണത്തിലെ വീഴ്ച
3. പ്രൊസഷൻ സംഘടിപ്പിച്ചതിലെ അപാകതയും മുൻ പതിവിനു വിരുദ്ധമായി നടത്തിയ കാര്യങ്ങളും.

(ശേഷം പേജ് 6-ൽ)

## കാതോലിക്കേറ്റ് ശതാബ്ദി ആഘോഷ സമാപന സമ്മേളനം മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ. അബ്ദുൾ കലാം ഉദ്ഘാടനം ചെയ്യും

കോട്ടയം : മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നവംബർ 25ന് എറണാകുളത്ത് പ.കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന പൊതുസമ്മേളനം മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ.അബ്ദുൾ കലാം ഉദ്ഘാടനം ചെയ്യുമെന്ന് ആഘോഷ കമ്മിറ്റി ചെയർമാൻ ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. വിവിധ സഭാനേതാക്കന്മാർ പങ്കെടുക്കും.

# നൈജീരിയായിൽ ക്രിസ്ത്യാനികൾ പ്രതിസന്ധിയിൽ

## മാധ്യമ ദീപം

ഫാ.സി.ഡി.തോമസ് വടകോട്

### ഉയർപ്പിന്റെ മുദ്രകൾ

ഒരാളിലെ ഏറ്റവും നല്ലത് പുറത്തുവരുന്നതിന് വിളിക്കുന്ന പേരാണ് ഉയർപ്പ്. ഇത് അഭിപ്രായപ്പെടുന്നത് മാർത്തോമ്മാ സഭയുടെ തിരുവനന്തപുരം - കൊല്ലം ഭദ്രാസനത്തിന്റെ വാർത്താപത്രികയായ എക്ലീസിയായുടെ ഏപ്രിൽ-ജൂൺ ലക്കമാണ്. നല്ല മുഖചിത്രത്തോടുകൂടി ഇറങ്ങിയിരിക്കുന്ന ത്രൈമാസികയുടെ ഉള്ളടക്കവും നല്ലത്. അനുഭവം പംക്തിയിൽ ക്രിസ്തു എനിക്ക് സ്നേഹമാണെന്ന് പെരുമ്പടവം ശ്രീധരൻ എഴുതുന്നു. ഉയർത്തെഴുന്നേൽപ്പ് അനുഗ്രഹത്തിനായുള്ള പിൻവിളി എന്ന ധ്യാനചിന്തകളും ഫാ.ബോബി ജോസ് കട്ടികാടിന്റെ വീക്ഷണം പംക്തിയിലെ ഉയർപ്പിന്റെ മുദ്രകൾ എന്ന ലേഖനവും നല്ല നിലവാരം പുലർത്തുന്നു.

### ക്രിസ്ത്യാനികൾ ആശങ്കയിൽ

അറബിനാട്ടിൽനിന്ന് ക്രൈസ്തവ ദേവാലയങ്ങൾ പൊളിച്ചുനീക്കണമെന്ന് സൗദി മതനേതാവ് ഷെയ്ക്ക് അബ്ദുൾ അസീസ് അൽ അഷേഖ് ആവശ്യപ്പെട്ട വാർത്ത തദ്ദേവൂസ് പത്രം പ്രാധാന്യത്തോടെ കൊടുത്തിട്ടുണ്ട്. അറേബ്യൻ ഉപഭൂഖണ്ഡത്തിൽനിന്ന് എല്ലാ ക്രൈസ്തവ ദേവാലയങ്ങളും പൊളിച്ചുനീക്കണമെന്നും ക്രിസ്തീയ ആരാധനകൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും അദ്ദേഹം ഗൾഫ് രാജ്യങ്ങളോട് ആവശ്യപ്പെട്ടു. അള്ളാഹു അദ്ദേഹത്തിനു നേൽബുദ്ധി കൊടുക്കട്ടെ എന്നു പ്രാർത്ഥിക്കാം.

ഇസ്ലാം മതം ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിച്ചതിന് രണ്ടുവർഷം മുമ്പ് അറസ്റ്റു ചെയ്യപ്പെട്ട യൂസഫ് നാദർഖാനി എന്ന പാസ്റ്ററെ ഇറാനിയൻ കോടതി വധശിക്ഷയ്ക്ക് വിധിച്ച വാർത്തയും തൊട്ടുതാഴെത്തന്നെ കൊടുത്തിട്ടുണ്ട്. നൈജീരിയയിൽ ക്രിസ്ത്യാനികൾ പ്രതിസന്ധിയിൽ എന്ന വാർത്തയും ആശങ്കാജനകംതന്നെ.

മലങ്കര ഓർത്തഡോക്സ് സഭയുടെ പത്തനംതിട്ട അസോസിയേഷനിൽ നടന്നതെന്ത് എന്ന ദാനിയേൽ പന്തളത്തിന്റെ ലേഖനത്തിൽ ഉയർത്തുന്ന 13 പ്രസക്തമായ ചോദ്യങ്ങൾ ശ്രദ്ധേയമാണ്. അസോസിയേഷന്റെ വിവിധ തലങ്ങളിൽ നടന്ന ക്രമക്കേടുകളെ അത് കാര്യകാരണ സഹിതം വിശദീകരിക്കുന്നു. ഈ ലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ മലങ്കരസഭാദീപം ദ്വൈവാരികയുടെ മെയ് ദ്വിതീയ ലക്കത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### മാറുന്ന ആത്മകഥകൾ

കേരളകൗമുദി മെയ് 2ലക്കം രഞ്ജിനി ഹരിദാസിനെ വലിയ ഹീറോ ആയി അവതരിപ്പിച്ചിരിക്കുന്നു. അവർ പറയുന്നു ആണിനെപ്പോലെ ജീവിക്കുന്ന ആളാണ് ഞാൻ. എന്നേക്കാൾ ആണത്തമുള്ള ആണിനെയാണ് എനിക്ക് വേണ്ടത്. വിവാഹത്തെക്കുറിച്ച് അവർ പറയുന്നു സത്യം പറഞ്ഞാൽ ഒരു ജനറൽ ബോറഡി തോന്നിയപ്പോഴാണ് വ്യത്യസ്തമായ മേഖലകളിലേക്ക് എത്തുന്നത്. അതിലൊന്നാകണം വിവാഹം. ഒട്ടും പക്വതയില്ലാത്ത അഭിപ്രായങ്ങളാണ് അവർ പല മാധ്യമങ്ങളിലും അഭിമുഖത്തിൽ പറഞ്ഞിട്ടുള്ളത്. യുവജനങ്ങളെ വഴിതെറ്റിക്കുന്നതാണവയിൽ പലതും. മെയ് 23 ലക്കത്തിൽ കാഴ്ചയും കഥയും പംക്തിയിൽ ആത്മകഥകളിൽ ഭാവന നിറയുന്നു എന്ന തലക്കെട്ടിൽ ഇ.വി.ശ്രീധരൻ കുറിക്കുന്നു ആത്മകഥകൾക്കും എഡിറ്റേഴ്സും വ്യാഖ്യാതാക്കളും ഉണ്ടാകുന്നു. ആത്മകഥകൾ ഒരർത്ഥത്തിൽ മാറുകയാണ്. ജീവിതത്തിന്റെ നിറം കലർന്ന ആഖ്യായികളായിത്തീരുന്നു ആത്മകഥകൾ. ഇത്തരം ആത്മകഥകൾ സാഹിത്യവഞ്ചനയാണ്. ഈ സാഹിത്യവഞ്ചന ഏറ്റവും കൂടുതൽ നടക്കുന്ന ഒരു ഭാഷയാണ് മലയാളം എന്ന് അതിൽ വിലയിരുത്തുന്നു.

### മാധ്യമശുശ്രൂഷ

അനുദിന മനുഷ്യതീരുമാനങ്ങളെ സ്വാധീനിക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള ശക്തി മറ്റൊന്നിനും ഉണ്ടെന്നു തോന്നുന്നില്ല. ഏത് ടൂത്ത്പേസ്റ്റാണ് വാങ്ങിക്കേണ്ടത് എന്ന കാര്യംമുതൽ അമേരിക്കൻ പ്രസിഡന്റ് ആരാണെന്ന കാര്യം വരെ തീരുമാനിക്കുന്നത് മാധ്യമങ്ങളാണ്. അതുകൊണ്ടുതന്നെയാണ് മാധ്യമശുശ്രൂഷയ്ക്ക് പ്രാധാന്യമേറുന്നത് (കാരുണികൻ മാസിക, മെയ് ലക്കം). മാധ്യമശുശ്രൂഷ പ്രധാന വിഷയമാക്കിയിരിക്കുന്ന ഈ ലക്കത്തിൽ പുതിയൊരു മാധ്യമസംസ്ക്കാരം മാധ്യമശുശ്രൂഷയ്ക്ക് ഒരു കുറിപ്പടി, മാധ്യമശുശ്രൂഷ എന്നീ ഈടുറ്റ ലേഖനങ്ങളുണ്ട്. ആധുനിക വിവര-വിനിയമ സങ്കേതങ്ങളെ സഭാജീവിതത്തിലും, പരിശീലനത്തിലം ഫലപ്രദമായി ഉപയോഗിക്കാനുള്ള സഭയുടെ നീക്കങ്ങളെ ആശ്രയിച്ചായിരിക്കും ഭാരതസഭയുടെ ഭാവി നിർണ്ണയിക്കപ്പെടുക. അന്ത്യവിധി എന്ന പംക്തിയിൽ മനുഷ്യപുത്രൻ എന്ന തൂലികാനാമത്തിൽ രാഷ്ട്രീയത്തിന്റെ അക്രമഭാവങ്ങൾ എന്ന തലക്കെട്ടിൽ റ്റി.പി.ചന്ദ്രശേഖര വധത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയിട്ടുള്ള കുറിപ്പ് ചിന്തനീയം തന്നെ.

### പുണ്യവാളനും ഉമ്മൻചാണ്ടിയും പിന്നെ മമ്മൂട്ടിയും

സഭാതർക്കം പരിഹരിക്കാൻ സർക്കാരിനു കഴിയില്ലെങ്കിൽ തുറന്നുപറയണം, ഓർത്തഡോക്സ് വിശ്വാസികൾ അപമാനിക്കപ്പെടുന്നു എന്നീ പ.ബാവായുടെ പ്രസ്താവനകളാണ് മലങ്കരസഭാദീപത്തിന്റെ മെയ് പ്രഥമ ലക്കത്തിന്റെ പ്രഥമ പേജിൽ പ്രാധാന്യത്തോടെ കൊടുത്തിരിക്കുന്നത്. ഗീവർഗീസ് സഹദായെപ്പോലെ പുതുപ്പള്ളിയുടെ പുണ്യവാളനാണ് ഉമ്മൻ ചാണ്ടിയെന്ന് നടൻ മമ്മൂട്ടി, അത്മായട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റിനെതിരെ ദുബായ് പള്ളിയിൽ പ്രതിഷേധം, കത്തിപ്പാറത്തടം പള്ളിയിൽ സംഘർഷം എന്നീ വാർത്തകളും ഫ്രണ്ട് പേജിൽത്തന്നെ സ്ഥാനം പിടിച്ചിട്ടുണ്ട്. സഭാഭരണതലത്തിൽ സ്വീകരിക്കേണ്ട അഞ്ച് ശ്രദ്ധേയമായ നിർദ്ദേശങ്ങൾ വി.സി.വർഗീസ് കണ്ടനാട് ചൂണ്ടിക്കാണിക്കുന്നത് പഠനാർഹമാണ്. പിറവം വലിയപള്ളിയെ കത്തീഡ്രൽ പള്ളിയായി പുത്തൻകുരിശ് സൊസൈറ്റിയും ഓർത്തഡോക്സ് സഭയും പ്രഖ്യാപിച്ച വാർത്തയാണ് ദീപത്തിന്റെ മെയ് ദ്വിതീയലക്കത്തിലെ പ്രഥമ പേജിൽ. മലങ്കര അസോസിയേഷൻ ചില അപ്രിയ സത്യങ്ങൾ എന്ന തലക്കെട്ടിൽ തോമസ് തുമ്പമൺ എഴുതിയിരിക്കുന്ന കാര്യങ്ങൾ അസോസിയേഷൻ നടത്തിപ്പിലെ അഴിമതിയിലേക്ക് വിരൽ ചൂണ്ടുന്നു. അസോസിയേഷൻ നടത്തിപ്പിന്റെ കമ്മിറ്റിയിൽ അംഗവും അവിടെ നടന്ന എല്ലാകാര്യങ്ങൾക്കും ദൃക്സാക്ഷിയുമായിരുന്ന അദ്ദേഹത്തിന്റെ വാക്കുകൾ തള്ളിക്കളയാനാവില്ല. സോദാഹരണമാണ് അദ്ദേഹം എല്ലാം വിവരിച്ചിരിക്കുന്നത് ഇതേ അഭിപ്രായങ്ങൾ സഭയുടെ എല്ലാ കോണുകളിൽനിന്നും ഇപ്പോൾ ഉയർന്നുവരുന്നുണ്ടുതാനും.

### പരിശുദ്ധാത്മാവ്

പരിശുദ്ധാത്മാവ് അഗ്നിരൂപത്തിൽ ഇറങ്ങുന്നതിനെ സൂചിപ്പിക്കുന്ന മുഖചിത്രത്തോടെയാണ് പൗരസ്ത്യതാരം മാസിക ഇറങ്ങിയിരിക്കുന്നത്. ലോക പരിസ്തിതി ദിന (ജൂൺ 5)വുമായി ബന്ധപ്പെട്ട ബാക്ക് കവർപേജും ആകർഷകംതന്നെ. ഉള്ളടക്കവും അതിപോലെ ആകർഷകം. രോഗങ്ങൾക്കെതിരെ ജാഗ്രതയോടെ എന്ന എഡിറ്റോറിയൽ രോഗം വന്നിട്ടുള്ള ആലോചനകളെക്കാൾ വരാതിരിക്കാനുള്ള ആലോചനകളാണ് ഉചിതം എന്ന സന്ദേശം നൽകുന്നു. അഭി.അന്തോണിയോസ് തിരുമേനി ലളിതം മധുരം എന്ന പേരിൽ മലങ്കരസഭാമാസികയിൽ എഴുതിക്കൊണ്ടിരുന്ന പംക്തി പൗരസ്ത്യതാരത്തിൽ ലളിതം അതിമധുരം എന്ന പേരിൽ ആരംഭിച്ചിരിക്കുന്നത് നല്ലതുതന്നെ. അഭി. അലക്സിയോസ് മാർ യൗസേബിയോസ് പരിശുദ്ധാത്മാവും കൃപാദാനങ്ങളും എന്ന ലേഖനം എഴുതിയിരിക്കുന്നത് കാലികപ്രസക്തമാണ്. ഫാ.ജോജി കെ.ജോയി എഴുതുന്ന വി.കുർബ്ബാന ഒരു ലഘുപഠനം വായനക്കാർക്ക് ആ കൂദാശയിലെ പ്രത്യക്ഷ കർമ്മങ്ങൾ ലളിതമായി വിവരിച്ചുകൊടുക്കുന്നതാണ്. ആരാധനയിൽ സാധാരണ ജനം (ചിലപ്പോൾ കാർമ്മികരും) വരുത്തുന്ന ഭാഷാപരമായ നിരവധി തെറ്റുകൾ ഈ അശ്രദ്ധ മാറേണ്ടതല്ലെ എന്ന ലേഖനത്തിൽ ജോൺ മാത്യു കലഞ്ഞൂർ ചൂണ്ടിക്കാട്ടുന്നു. ഫാ.ഡോ.ഒ.തോമസിന്റെ ആത്മീയ വഴികാട്ടൽ അഥവാ കൗൺസലിംഗ് പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യത്തിൽ എന്ന പഠന ലേഖനം പഠനാർഹംതന്നെ.

### മൊബൈൽ വില്ലൻ

ആഘോഷമില്ലാതെ എന്ത് ആദ്യകുർബ്ബാന എന്നതാണ് സണ്ടേശാലോം മെയ് 6 ലക്കത്തിലെ എഡിറ്റോറിയൽ. കത്തോലിക്കാസഭയിൽ കുഞ്ഞുങ്ങളുടെ ആദ്യകുർബ്ബാന സ്വീകരണം വിവാഹം പോലെ ആർഭാടമാക്കുന്നതു സംബന്ധിച്ച ചില ചിന്തകളാണ് പ്രമേയം. മാറുന്ന തൊഴിൽ സംസ്ക്കാരവും മാറ്റേണ്ട തൊഴിൽ മനോഭാവവും എന്ന ലേഖനത്തിൽ ഡി.ജോയിക്കുട്ടി എഴുതുന്നു അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ തൊഴിലിന്റെ മാഹാത്മ്യം ഉൾക്കൊള്ളുന്നതിനും നാം പിന്തുടരുന്ന ശൈലി എത്രമാത്രം നിലനിൽപ്പുള്ളതാണെന്ന് ചിന്തിക്കുന്നതിനും ഒരു നല്ല തൊഴിൽ സംസ്ക്കാരം രൂപപ്പെടുത്തുന്നതിനും നാം പുനർവിചിന്തനം നടത്തേണ്ടിയിരിക്കുന്നു. ഐസക് ചാവറ എഴുതുന്നു ആർത്തിപിടിച്ച് പായുന്നവരിൽ മലയാളികളെപ്പോലെ ലോകത്തിൽ വേറെ ആരും ഉണ്ടാകില്ല. എല്ലാം പെട്ടന്ന് കിട്ടണമെന്നാണ് നമ്മുടെ ആഗ്രഹം. പത്തിട്ടാൽ നൂറുകിട്ടണം. അതും കണ്ണടച്ചു തുറക്കുമ്പോൾതന്നെ. പാൽകുപ്പിക്ക് പകരം മൊബൈൽ - മാറുന്ന കേരളത്തിന്റെ കാണാകാഴ്ചകൾ എന്ന ബാബു വടക്കടത്തിന്റെ ലേഖനം തൊട്ടടുത്ത ശാലോമിലുണ്ട്. അതിൽ പറയുന്നു കുട്ടികളുടെ കരച്ചിലടക്കാനും ശ്രദ്ധതിരിക്കാനും വെറും ഒരു കൗതുകത്തോടെ തുടങ്ങിയ ഈ ശീലം ഇന്ന് മിക്ക കുഞ്ഞുങ്ങൾക്കും കളിപ്പാട്ടമായോ പാൽകുപ്പിപോലെയോ മൊബൈൽഫോൺ കയ്യിലില്ലാതെ ഇരിക്കാനാവാത്ത അവസ്ഥ സംജാതമായിരിക്കുന്നു. മുറിവും കൃപയും എന്ന ലേഖനത്തിൽ ഫാ.ജോസ് എഴുതുന്നു ജീവിതത്തിന്റെ വഴിത്താരകളിൽനിന്ന് ദൈവം എന്തെങ്കിലും തിരിച്ചെടുക്കുമ്പോൾ വേദനിക്കാതിരിക്കുക. ഓർക്കുക ദൈവം നിന്റെ കരങ്ങൾ ശൂന്യമാക്കുകയാണ്. കൂടുതൽ മനോഹരമായ എന്തിനോവേണ്ടി. സന്തുഷ്ട കുടുംബങ്ങളിലെ അപകടങ്ങൾ എന്നതാണ് തൊട്ടടുത്ത ലക്കത്തിലെ എഡിറ്റോറിയൽ. അണുകുടുംബങ്ങളിൽ പതിയിരിക്കുന്ന അപകടങ്ങളും അതു സമൂഹത്തിൽ വരുത്തുന്ന വ്യതിയാനങ്ങളുമാണ് പ്രതിപാദ്യം. ജെയ്മോൻ കുമരകം എഴുതുന്നു സഭാപ്രവർത്തനങ്ങളിൽ അസംതൃപ്തരാകുന്ന വൈദിക - സന്യസ്തരുടെ എണ്ണം ഇന്ന് വർദ്ധിച്ചുവരുന്നുണ്ടോ. ഉണ്ടെങ്കിൽ അതിന്റെ കാര്യകാരണങ്ങൾ വിലയിരുത്താനും കണ്ടെത്താനും സഭാനേതൃത്വം കുറേക്കൂടി ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു.

### അഴീക്കോട് കുറ്റവിമുക്തൻ

അഴീക്കോടിനുവേണ്ടി അവസാനത്തെ വക്കാലത്ത് എന്ന ലേഖനം പ്രൊഫ.പത്മനാ രാമചന്ദ്രൻനായർ മാതൃഭൂമി ആഴ്ചപതിപ്പിൽ (മെയ് 6 ലക്കം) എഴുതിയിരിക്കുന്നു. സുകുമാർ അഴീക്കോട് എന്ന അദ്ധ്യാപകനെതിരെ നിരന്തരമായി ഉയരുന്ന ഒരു ആരോപണമാണ് എം.എ.റഹ്മാൻ എന്ന വിദ്യാർത്ഥിക്ക് റാങ്ക് നിഷേധിച്ചു എന്നത്. പുനത്തിൽ കുഞ്ഞബ്ദുള്ള അത് വീണ്ടും ഉന്നയിക്കുകയുണ്ടായി. എന്നാൽ ആ ആരോപണങ്ങളുടെ നിജസ്ഥിതി വെളിപ്പെടുത്തുകയാണ് സംഭവത്തിനു സാക്ഷിയായിരുന്നവരിൽ ജീവിച്ചിരിക്കുന്നവരിൽ ഏക വ്യക്തിയായ പ്രൊഫസർ പത്മന. പുനത്തിലിന്റെ ആരോപണങ്ങൾ അവാസ്തവമെന്ന് കാര്യകാരണസഹിതം ഇതിൽ വിവരിക്കുന്നുണ്ട്.

### പരിശുദ്ധാത്മ നിയന്ത്രിത സഭ

സന്നദ്ധ സന്ദേശം മാസികയിൽ ഗീവർഗീസ് മാർ അത്താനാസിയോസ് പരിശുദ്ധാത്മ നിയന്ത്രിത സഭ എന്ന ലേഖനത്തിൽ എഴുതുന്നു ആധുനിക ലോകത്തിൽ മനുഷ്യരെ പിടികൂടിയിരിക്കുന്ന ഏറ്റവും അപകടകരമായ ഒരു പ്രവണത എല്ലാവരും മറ്റുള്ളവരെ നിയന്ത്രിക്കുവാൻ വാശിപിടിക്കുന്നു. എന്നാൽ ആരുടെയും നിയന്ത്രണത്തിൽ ആരും ആയിരിപ്പാൻ ആരും ആഗ്രഹിക്കുന്നില്ല. ജനറൽ സെക്രട്ടറിയുടെ കത്തിൽ പറയുന്നു രണ്ടായിരത്തിലധികം വർഷം സഭ ഭാരതത്തിൽ നിലനിന്നതിനു പിന്നിൽ സഭയുടെ മൂല്യബോധം പ്രേരകമായിരുന്നു. ഇന്ന് സഭയെ ഗ്രസിക്കുന്ന ഒരു പ്രധാന പ്രശ്നം മൂല്യാധിഷ്ഠിത നിലപാടുകൾ എടുക്കാൻ പൂർണ്ണമായി സാധിക്കുന്നില്ല എന്നതാണ്. എഡിറ്റോറിയലിൽ ബാബു പുല്ലാട് എഴുതുന്നു ജോലിത്തിരക്കിന്റെയും ആർജ്ജിത തത്രപ്പാടിന്റെയും നടുവിൽ സ്വന്തം കുഞ്ഞുങ്ങൾ വേണ്ടവണ്ണം ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ശ്വാസം വിടുവാൻ സമയമില്ലാതെ ഓടുന്നു. അദ്ധ്വാനിക്കുന്നു. ആർക്കുവേണ്ടി? കുഞ്ഞുങ്ങൾക്കുവേണ്ടി.

### ശരീരം ഒരു ദേവാലയം

ദേവാലയം ഗൃഹാതുരമായ ഒരു സാന്നിധ്യം എന്ന ലേഖനത്തിൽ ഫാ.തോമസ് വർഗീസ് ചാവടിയിൽ എഴുതുന്നു ദേവാലയവും മനുഷ്യശരീരവും ഒരുപോലെ ദൈവം വസിക്കുന്ന ആലയം ആണെന്ന് ബോധ്യപ്പെട്ടുകൊണ്ട് ഓരോ മനുഷ്യനും സ്വന്തം ശരീരത്തോട് പുലർത്തേണ്ട ആദരവ് വളരെ പ്രധാനമാണ്. ശരീരത്തെ ദ്രോഹിക്കുന്ന ദുർശീലങ്ങൾക്കും ജീവിതത്തെ നശിപ്പിക്കുന്ന പ്രവണതകൾക്കും ഓരോരുത്തരും ഉത്തരം പറയേണ്ടിവരും. ദേവാലയ ആരാധന നമ്മുടെ ഉള്ളിൽ ഉന്നതമായ ചില നിയോഗങ്ങൾക്കും ഉദാത്തമായ ചില ലക്ഷ്യങ്ങളെക്കുറിച്ചുള്ള ശ്രേഷ്ഠമായ അനുഭൂതികളെക്കൊണ്ട് നിറയ്ക്കണം. ജ്യോതിസ്സ് എന്ന് പേരിട്ടിരിക്കുന്ന ആറാട്ടുപുഴ മെതുക്കുമ്മേൽ സെന്റ് ജോർജ് പള്ളിയുടെ സുവർണ്ണജൂബിലിപെരുന്നാൾ സപ്ലിമെന്റിലാണ് ഈ നിരീക്ഷണം എഴുതിയിരിക്കുന്നത്.

### ഹൃദയത്തോട് ചേരണം

പാലിയേക്കര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ ദ്വൈമാസികയായ ഇടവക ദീപ്തിയുടെ ഏപ്രിൽ മെയ് ലക്കത്തിലെ എഡിറ്റോറിയൽ അഭി.ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെക്കുറിച്ചാണ്. കെ.എം.മാത്യു തിരുവല്ലായുടെ മറ്റൊരു ലേഖനവും സഭാരത്നത്തെ അനുസ്മരിക്കുന്നതാണ്. അസ്തിയിൽനിന്നും അസ്തിയും മാംസത്തിൽനിന്ന് മാംസവും എന്ന ലേഖനത്തിൽ ജോൺ സി.ചാലക്കുഴി എഴുതുന്നു പുരുഷന്റെ കാലിൽനിന്നുള്ള അസ്തി എടുത്തിരുന്നുവെങ്കിൽ അവളെ കാൽക്കീഴാക്കി ചവുട്ടിമെതിക്കുമായിരുന്നു. തലയിൽനിന്നെടുത്താണ് സൃഷ്ടിച്ചതെങ്കിൽ അവൾ തലയിൽ കയറി വാഴുമായിരുന്നു. നട്ടെല്ലിൽനിന്നാണ് എടുത്തതെങ്കിൽ അവളെ പിന്നിൽ നിർത്തി അവഗണിക്കുമായിരുന്നു. എന്നാൽ പുരുഷന്റെ വാരിയെല്ലിൽനിന്നും തക്കതായ തുണയെ സൃഷ്ടിച്ചതുകൊണ്ട് അവന്റെ ഹൃദയത്തോട് ചേർന്ന സ്ഥാനം അവൾക്ക് ലഭിക്കുന്നു.

### വാൽക്കഷണം

ഒരു പള്ളിയിൽ വി.കുർബ്ബാനയ്ക്കു ശേഷം കൈമുത്തിനു മുമ്പ് വികാരിയുടെ അറിയിപ്പ് : ആരാധനയിൽ സംബന്ധിച്ചവരെല്ലാം ദയവായി പള്ളിക്കു പുറത്തുപോകണം. പൊതുയോഗത്തിൽ സംബന്ധിക്കാനായി മാത്രം വന്ന് വരാന്തയിൽ നിൽക്കുന്നവർ പള്ളിക്കകത്തേക്ക് കയറണം.

# സഭാമാനേജിംഗ് കമ്മിറ്റിയിലേക്കുള്ള നോമിനേഷൻ

കെ.ജി.ജോർജ് കാവുംകോട്ട് കൈപ്പട്ടൂർ

ശ്രീ.കെ.ജി.ജോർജ് കൈപ്പട്ടൂർ സഭാമാനേജിംഗ് കമ്മിറ്റിയിലേക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്നതിനെപ്പറ്റി ഉയർത്തിയ ആക്ഷേപം വളരെയധികം ശ്രദ്ധ ആകർഷിക്കേണ്ട ഒരു വിഷയംതന്നെയാണ്. സഭാസ്നേഹികൾ നിഷ്ക്രിയരായിരിക്കാതെ ഈ വിഷയം കാര്യമായി ചർച്ച ചെയ്യണം.

സാധാരണഗതിയിൽ നോമിനേഷൻ നടത്തുന്നത് ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവർക്ക് പ്രാതിനിധ്യം ലഭിക്കുന്നില്ല എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ്. അതിന് വ്യക്തമായ മാനദണ്ഡങ്ങളും ഉണ്ടായിരിക്കും. ഇവിടെ പ്രാതിനിധ്യം ലഭിക്കാത്ത വിഭാഗങ്ങൾ ഒന്നുമില്ല. പിന്നെ എന്തിനായിട്ടാണ് ഈ നോമിനേഷൻ. അവരിൽനിന്നും എന്താണ് പ്രതീക്ഷിക്കുന്നത്. അവർക്ക് ആരോടാണ് ഉത്തരവാദിത്വം. ആരുടെ താൽപര്യങ്ങളാണ് അവർ സംരക്ഷിക്കേണ്ടത്. സഭയുടെ താൽപര്യങ്ങളാണെങ്കിൽ അതിന് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ പോരേ. അതല്ല തെരഞ്ഞെടുക്കപ്പെട്ടവർ സഭയ്ക്ക് ആവശ്യമുള്ള മേഖലകളിൽ വൈദഗ്ദ്ധ്യം നേടിയവരായിരിക്കണം എന്നുണ്ടെങ്കിൽ അതിനു വ്യക്തമായ വ്യവസ്ഥകൾ വേണം.

സഭയുടെ മാനേജിംഗ് കമ്മിറ്റി രാജ്യസഭയ്ക്ക് തുല്യമാണ്. മലങ്കര അസോസിയേഷൻ ലോകസഭയ്ക്ക് തുല്യവും. 238 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുള്ള രാജ്യസഭയിലേക്ക് പ്രസിഡന്റിന് നോമിനേറ്റ് ചെയ്യാവുന്ന അംഗങ്ങളുടെ സംഖ്യ കേവലം 12. അതിനും നിയതമായ മാനദണ്ഡമുണ്ട്. സാഹിത്യം, ശാസ്ത്രം, കല, സാമൂഹ്യസേവനം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ളവരെയാണ് നോമിനേറ്റ് ചെയ്യുന്നത്. എന്നാൽ ഇവിടെ 129 പേർ മാത്രമുള്ള മാനേജിംഗ് കമ്മിറ്റിയിലേക്ക് 30പേരെ നോമിനേറ്റ് ചെയ്തിരിക്കുന്നു. ഏത് പ്രത്യേക വിഷയത്തിലാണ് ഈ വ്യക്തികൾക്കുള്ള പ്രാവിണ്യം. അതിനു 30 പേരുടെ ആവശ്യമുണ്ടോ. നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾക്ക് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വോട്ടവകാശമില്ല. ഇവിടെ വോട്ടവകാശം കൊടുത്തിരിക്കുന്നത് സ്ഥാപിത താൽപര്യം സംരക്ഷിക്കാനാണെന്ന് സംശയിക്കുന്നതിൽ തെറ്റുണ്ടോ. അസോസിയേഷൻ അംഗങ്ങളുടെ പരിഗണനയ്ക്ക് ഒന്നുരണ്ടു കാര്യങ്ങൾ കൊണ്ടുവരട്ടെ.

1. നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളുടെ എണ്ണം കുറയ്ക്കണം. 7 വരെ ആകുന്നതിൽ തെറ്റില്ല.

2. നോമിനേറ്റ് ചെയ്ത അംഗങ്ങൾക്ക്, സെക്രട്ടറി, മെത്രാൻസ്ഥാനം തുടങ്ങിയ സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം നൽകുന്നത് പുനപരിശോധിക്കണം. സാധിക്കുമെങ്കിൽ അതിന് തടയിടണം.

എണ്ണം കൂട്ടുന്നതും വോട്ടവകാശം നൽകുന്നതും അധികാരസ്ഥാനങ്ങളിലിരിക്കുന്നവർക്ക് അവരുടെ താൽപര്യം സംരക്ഷിക്കാൻ മാത്രമാണ്. അത് ജനാധിപത്യ വിരുദ്ധമാണ്. സഭയുടെ നിഷ്പക്ഷമായ നടത്തിപ്പിന് ഹാനികരമാണ്. പൂർവ്വോപരി നമ്മൾ ഉയർത്തിപ്പിടിക്കുന്ന ആദർശങ്ങൾക്ക് എതിരുമാണ്. അസ്വീകാര്യങ്ങളായ വ്യവസ്ഥകൾ മാറ്റപ്പെടണം. അതിനെതിരെ ശബ്ദിക്കാതിരിക്കുന്നത് അടിമത്വ സ്വഭാവമാണ്.


## നെഴ്സിംഗ് അഡ്മിഷൻ

താഴെക്കാണുന്ന പ്രശസ്തമായ നെഴ്സിംഗ് കോളേജുകളിലേക്ക് BSc/GNM/MSc നെഴ്സിംഗിന് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. നെഴ്സിംഗിന് ഡൊണേഷനോ സർവ്വീസ് ചാർജോ ഇല്ല.

1. സേലം - ഷൺമുഖാ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
2. ബാംഗ്ലൂർ - (A) BGS ഗ്ലോബൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
( 8 സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുള്ള ഒരു സ്ഥാപനം)
(B ചിന്മയാ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ (പെൺകുട്ടികൾക്ക് മാത്രം)
3. കേരളത്തിലെ നെഴ്സിംഗ് കോളേജ്

കൂടാതെ MBBS, BDS, Engineering , Pharm D, BAMS, MBA, MCA തുടങ്ങി വിവിധ കോഴ്സുകൾക്കുള്ള അഡ്മിഷനും ലഭിക്കുന്നു.

ARIGNAR ANNA INSTITUTE OF SCIENCE & TECHNOLOGY

SRIPERUMBUDUR, CHENNAI, Approved by ACTE, Anna University ,AN ISO 9001, Certified Institution

## എഞ്ചിനിയറിംഗ് അഡ്മിഷൻ

ഡൊണേഷനോ , കമ്മിഷനോ , സർവ്വീസ് ചാർജോ ഇല്ല.

8ാം മത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ

Mech ...........Rs. 125000/ yrly Tution fee
ECE, Civil ..Rs. 62500/ yrly Tution fee
CSE ........... Rs. 50000/ yrly Tution fee
IT, EEE....... Rs. 50000/ yrly Tution fee

Hostel fees extra.

Authorised Admission Centre:
തോമസ് ടി. പരുമല (പരുമല സെമിനാരി കൗൺസിൽ മെമ്പർ) ജിൻസി നെഴ്സിംഗ് നെറ്റ്, പരുമലക്കടവ്, മാന്നാർ, Mob : 9447134451

10 Years Service in Educational Consultancy


# മലങ്കരസഭയുടെ ഭരണപരാജയം

വി.റ്റി.ജോർജ് ഉളനാട്

ഓർത്തഡോക്സ്, യാക്കോബായ സഭാതർക്കം എങ്ങുമെത്താതെ നിൽക്കുന്നു. എം.ഒ.ജോണച്ചനെപ്പോലെ ശക്തമായി പ്രതികരിക്കുന്നവരെ പാർശ്വവൽക്കരിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നു. 2007–2012–ലെ ഓർത്തഡോക്സ് സഭയുടെ ഭരണപരാജയത്തിൽനിന്നും ആർക്കും ഒളിച്ചോടാൻ പറ്റില്ല. ഗൂർഗാൻ ബിഷപ്പിനൊപ്പംപോയ വൈദികരോടും, ശെമ്മാശ്ശന്മാരോടും കാണിച്ച മൃദുസമീപനം മറക്കാറായിട്ടില്ല. വളരെയധികം സമ്മർദ്ദം ഉണ്ടായശേഷമാണ് അവരെ പുറത്താക്കിയത്.

ഇപ്പോഴും ഇതര സഭാവിഭാഗങ്ങളിലേക്ക് ചേക്കേറിയവരെ പുറത്താക്കാൻ മടിക്കുന്നു. സഭയുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവരെ അപകീർത്തിപ്പെടുത്തുന്ന സമീപനം മാറുന്നില്ല. ഫലസിദ്ധിയില്ലാത്ത സമരമുറകൾ. രാഷ്ട്രീയമായ ചാഞ്ചാട്ടങ്ങൾ ഒക്കെ സഭയെ പിന്നോട്ടടിക്കുന്നു.

വൈദികട്രസ്റ്റി സ്ഥാനത്തേക്ക് എം.ഒ.ജോണച്ചൻ മത്സരിക്കുന്നു എന്ന് കേട്ടപ്പോഴേ തല്പരകക്ഷികൾ വിളറിപൂണ്ടു. ഊമക്കത്തുകളിലൂടെയും മറ്റും ജോണച്ചനെ അപകീർത്തിപ്പെടുത്താൻ മ്ലേച്ഛകരമായ ഭാഷയിൽ വ്യക്തിഹത്യയ്ക്കു ശ്രമിച്ചവർ ആരുടെയൊക്കെയോ താൽപര്യങ്ങൾ സംരക്ഷിക്കുകയായിരുന്നു. ജനാധിപത്യപരമല്ലാത്ത കുത്സിത പ്രവർത്തനങ്ങളിലൂടെ ജോണച്ചനെ പരാജയപ്പെടുത്താൻ സാധിച്ചു. നേരെ നിൽക്കുവാൻ ധൈര്യമില്ലാത്തവർ ഒളിഞ്ഞിരുന്നുകൊണ്ട് ഊമകത്തുകൾ പ്രചരിപ്പിച്ചു.

ഈവക തറവേലകളിൽ ഭയപ്പെടാതെ പൂർവ്വാധികം ആത്മവീര്യത്തോടെ സഭയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ എം.ഒ.ജോണച്ചന് ശക്തിപകരണമെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# യുവജനപ്രസ്ഥാനത്തെയും കബളിപ്പിച്ച് വോട്ട് നേടി

മാത്യു ജോൺ കല്ലുംമൂട്ടിൽ, യുവജനപ്രസ്ഥാനം കേന്ദ്രകമ്മിറ്റി അംഗം

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം ആണ് യുവജനം മാസിക. ഫെബ്രുവരി മാസത്തെ യുവജനം മാസിക അസോസിയേഷൻ യോഗം കൂടിയ ദിവസത്തിന് മുൻപായി എല്ലാ അസോസിയേഷൻ അംഗങ്ങൾക്കും എത്തുകയുണ്ടായി. അത് കയ്യിൽ കിട്ടിയപ്പോൾ മുതൽ സഭയിലെ എല്ലാ വൈദികർക്കും യുവജന പ്രസ്ഥാനം പ്രവർത്തകർക്കും വലിയ സംശയം. കാരണം സാധാരണയായി യുവജനപ്രസ്ഥാനത്തിന്റെ ചുമതലക്കാർക്ക് മാത്രം വല്ലപ്പോഴും ഒക്കെ ലഭിച്ചുകൊണ്ടിരുന്ന യുവജനം മാസിക എല്ലാ വൈദികർക്കും അസോസിയേഷൻ അംഗങ്ങൾക്കും ലഭിച്ചിരിക്കുന്നു. മാസിക തുറന്നപ്പോൾ സംശയം തീർന്നു. ഇന്റർവ്യൂ എന്ന പേരിൽ തങ്ങൾക്ക് വോട്ട് നേടാനായി വൈദികട്രസ്റ്റി സ്ഥാനാർത്ഥി ഫാ.ജോൺസ് ഏബ്രഹാം കോനാട്ടിന്റെയും, അത്മായട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റിന്റെയും ചില സ്വയം പുകഴ്ത്തൽ ലേഖനങ്ങൾ. അത് വായിച്ച ഏവർക്കും മനസ്സിലാകും ആ ഇന്റർവ്യൂ അവർ സ്വയം ഉണ്ടാക്കിയതാണെന്ന്.

മാസിക കിട്ടിയ യുവജനങ്ങൾ പ്രസ്ഥാനം പ്രസിഡന്റ് തിരുമേനിയെയു സെക്രട്ടറിയെയും, വൈസ്പ്രസിഡന്റിന്റെയും വിളിച്ച് കാര്യം അന്വേഷിച്ചു. ആർക്കും ഇതേപ്പറ്റി അറിയില്ല. എഡിറ്റോറിയൽ ബോർഡ് മെമ്പേഴ്സ് ആരും അറിഞ്ഞിട്ടില്ല. എന്നാൽ പ്രസിദ്ധീകരണ വിവരം അറിഞ്ഞിരുന്ന ചീഫ് എഡിറ്ററെ പ്രസിഡന്റ് പുറത്താക്കി.

2012 മെയ് മാസം ഒന്നാം തീയതി കോട്ടയം യൂത്ത് സെന്ററിൽ യുവജനപ്രസ്ഥാനം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഈ വിഷയം ചർച്ച ചെയ്യപ്പെട്ടു. അപ്പോഴും അസോസിയേഷനിൽ ഇറക്കിയ യുവജനം മാസിക ആരും അറിഞ്ഞിരുന്നില്ല എന്ന് വ്യക്തമാക്കുകയും ചീഫ് എഡിറ്ററായിരുന്ന വ്യക്തിയെ പുറത്താക്കിയതായി തിരുമേനി അറിയിക്കുകയും ചെയ്തു. തുടർന്നുള്ള ലക്കത്തിൽ ഇതിന്റെ വിശദീകരണം നൽകണമെന്ന് പല അംഗങ്ങളും അഭിപ്രായപ്പെട്ടെങ്കിലും ഇനി ഇങ്ങനെ ആവർത്തിക്കാതിരുന്നാൽ മതിയെന്ന തീരുമാനമാണ് ഉണ്ടായത്.

എന്തായാലും ഇത് ചെയ്യിച്ചവർ ഇത്രയും അധപതിക്കാൻ പാടില്ലായിരുന്നു. സ്വന്തം പണം കൊടുത്ത് ചീഫ് എഡിറ്ററെ പ്രീണിപ്പിച്ച് സ്വന്തം ആൾക്കാരെക്കൊണ്ട് യുവജനം മാസിക പ്രസിദ്ധീകരിച്ചത് യുവജനപ്രസ്ഥാനത്തെയും ചതിച്ച് വോട്ട് നേടി. സഭയുടെ അധഃപതനം എന്നല്ലാതെ എന്തു പറയാൻ

# ഇനിയെന്ത്?

ജെയ്സൺ കുഴിയേലിൽ പുത്തൻകുരിശ്

മലങ്കര അസോസിയേഷൻ യോഗം കഴിഞ്ഞു. പതിവുപോലെ സ്ഥാനാർത്ഥികൾക്കുവേണ്ടിയുള്ള കടിപിടിയും പരസ്പരം ചെളിവാരിയെറിയലും സ്വന്തം പ്രസിദ്ധീകരണങ്ങൾവഴി മറ്റുള്ളവരെ അധിക്ഷേപിക്കലുമെല്ലാം ഇത്തവണയും ഭംഗിയായി നടന്നു. ഇനിയെന്ത് എന്നതാണ് ഇനി ആലോചിക്കേണ്ടത്. വടക്ക് – തെക്ക് എന്നു പറഞ്ഞുള്ള ചേരിതിരിവുകൾ ഇനി ഉണ്ടാകുമോ? സഭ ഒറ്റക്കെട്ടായി നിൽക്കുമോ. തോറ്റവർ ഇനിയും സഭയ്ക്കുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുമോ? ആരുജയിച്ചുവന്നാലും പ്രശ്നബാധിത പള്ളികളുടെ സ്ഥിതി ഇനിയും മോശമാകാനാണ് സാധ്യത. കാരണം രാഷ്ട്രീയ ഇടപെടലുകൾതന്നെ. ഓർത്തഡോക്സുകാർക്ക് രാഷ്ട്രീയം കഴിഞ്ഞിട്ടേ സഭയുള്ളു എന്ന് പറയാറുണ്ട്. ഒരു പരിധി വരെ അത് ശരിയാണ് എന്ന് ഞാനും വിശ്വസിക്കുന്നു. ഇത്രയും കാലം ഇത്രയും വലിയ ആളുകൾ സഭയുടെ തലപ്പത്ത് ഇരുന്നിട്ട് ഇങ്ങനെയൊരു പ്രശ്നം മുൻകൂട്ടി കാണാനോ സഭയ്ക്കുവേണ്ടി ആരെയെങ്കിലും രാഷ്ട്രീയത്തിൽ മുന്നിട്ടു നിർത്തുവാനോ ആർക്കും സാധിച്ചില്ല. അതിന്റെ പരാജയമാണ് ഇവിടെ അനുഭവിക്കുന്നത്. സഭാസ്ഥാനികളായ പലർക്കും അവരവരുടെ കാര്യങ്ങളും ബിസിനസ്സും കഴിഞ്ഞിട്ടേ സഭയെപ്പറ്റി ചിന്തിക്കാൻ സമയമുള്ളു. ഇത്രയും നീതികേട് ഇവിടെ സർക്കാർ പ്രവർത്തിച്ചിട്ടും ഒരു പരിധിവരെയെങ്കിലും സർക്കാരിനെതിരെ സംസാരിക്കാൻ പ.ബാവാ തിരുമേനി മാത്രമെ ധൈര്യം കാണിച്ചിട്ടുള്ളു. നാമെന്തിന് ഭയക്കണം. അവകാശപ്പെട്ട പള്ളിയിൽനിന്ന് അടിച്ചിറക്കി പള്ളി പൂട്ടിയിടുന്നു. ഇതിൽക്കൂടുതൽ ആർക്കും ചെയ്യാൻ പറ്റില്ല. കോടതി ഉത്തരവുകൾ നടപ്പിലാക്കും എന്ന് മുഖ്യമന്ത്രി പറഞ്ഞാൽ തീരുന്ന പ്രശ്നങ്ങളെ വടക്കൻ ഭദ്രാസനങ്ങളിൽ ഏതു പള്ളിയിലുമുള്ളു. സഭ ഒന്നടങ്കം നീതി നിഷേധങ്ങൾക്കെതിരെ പ്രതികരിക്കണം. അതും ശക്തമായ തുറന്ന ഭാഷയിൽതന്നെ. സഭയേക്കാൾ രാഷ്ട്രീയത്തെ സ്നേഹിക്കുന്നവരെ എടുത്ത് ദൂരെ കളയണം. അവർ എത്ര ഉന്നതനാണെങ്കിൽകൂടി. സഭയ്ക്ക് വ്യക്തമായ ഒരു രാഷ്ട്രീയ കാഴ്ചപ്പാട് ഉണ്ടാകണം. തങ്ങളെ സഹായിക്കുന്നവരെ തിരിച്ചും സഹായിക്കുമെന്ന് ഉറപ്പുപറയുക. സഭയിലെതന്നെ നല്ല ചെറുപ്പക്കാരെ സഭ സഹായിച്ച് ഉന്നതങ്ങളിലെത്തിക്കുക. എന്നാലേ അവർക്ക് സഭയോട് കൂറുണ്ടാകൂ. ഇനിയെങ്കിലും ഒറ്റക്കെട്ടായി ശക്തമായി മുന്നോട്ടുപോയില്ലെങ്കിൽ ഇനിയും നമ്മുടെ പള്ളികൾ പൂട്ടിക്കൊണ്ടിരിക്കും. സഭാമക്കൾ ചിതറപ്പെടുകയും ചെയ്യും.

# സഭാതർക്കത്തിന് പരിഹാരം

ജോർജ് മാത്യു കോയമ്പത്തൂർ

സഭാതർക്കത്തിന് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാനാഭാഗങ്ങളിൽനിന്നും അഭിപ്രായങ്ങൾ ഉയർന്നുവരുന്നത് ഇന്ന് സർവ്വസാധാരണമായിക്കഴിഞ്ഞിരിക്കുന്നു. അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾക്കും കുറവില്ല. പറയുന്നത് കേട്ടാൽ മലങ്കരസഭ വഴക്കാളികളുടെ സഭയാണോ എന്ന് തോന്നിപ്പോകും. സമാധാനം ഉണ്ടാകണമെന്നും ഉണ്ടാക്കണമെന്നും സഭാനേതൃത്വം അതിനുവേണ്ടി ശ്രമിക്കണമെന്നുമൊക്കെ പറയുന്നത് എന്തുദ്ദേശത്തോടുകൂടിയാണെന്നു മാത്രം മനസ്സിലാകുന്നില്ല. സഭ ഉള്ളിടത്തോളം കാലം ഇവിടെ വ്യവഹാരങ്ങളും കോടതികയറ്റവും ഒരു ഒഴിയാബാധയായി തുടർന്നുകൊണ്ടേയിരിക്കുമെന്ന് പറഞ്ഞറിയിക്കേണ്ട കാര്യമില്ല. അതിന് മലങ്കരസഭ ഒരു കാരണവുമല്ല. അതാണ് സത്യം.

സഭയുടെ വ്യവഹാരങ്ങൾ കോടതികയറാൻ തുടങ്ങിയിച്ച് ഏകദേശം ഒരു നൂറു വർഷത്തോളമായി. പരമോന്നത നീതിപീഠത്തിൽനിന്നുപോലും അനുകൂലമായ വിധി ഉണ്ടായിട്ടുണ്ട്. എന്നിട്ടും വ്യവഹാരങ്ങൾക്കുമേൽ വ്യവഹാരങ്ങൾ ഒന്നിനുപുറകേ ഒന്നായി പുതിയ രൂപവും ഭാവവും ധരിച്ച് കോടതിയിൽ എത്തിയതല്ലാതെ വ്യവഹാരങ്ങൾക്ക് കുറവൊന്നുമുണ്ടായിക്കണ്ടില്ല.

ഇന്ത്യയുടെ നീതിന്യായ ചരിത്രത്തിൽ മറ്റേതെങ്കിലും ഒരു സഭയുടെയോ സമുദായത്തിന്റെയോ വഴക്കുകൾ ഇത്രയധികം കാലം നീതി ലഭിക്കാതെ നീണ്ടുപോയിട്ടുള്ള ചരിത്രം ഉണ്ടായിട്ടുണ്ടോ. മലങ്കരസഭയുടെ കാര്യത്തിൽമാത്രം ഇതെങ്ങനെ സംഭവിച്ചു. എവിടെനിന്ന് സഭയ്ക്ക് ശാശ്വതമായ നീതി ലഭിക്കുമെന്ന് സഭ പ്രതീക്ഷിച്ചുവോ സഭയുടെ കാര്യത്തിൽമാത്രം ആ സ്ഥാപനം പരാജയപ്പെട്ടു. വ്യവഹാരങ്ങളുടെ ഈ തുടർക്കഥ അതാണ് സൂചിപ്പിക്കുന്നത്.

ക്ഷമയോടെ സൗഹാർദ്ദപരമായി വിട്ടുവീഴ്ച വരുത്തി പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനാണ് സഭ ഇന്നയോളം ആഗ്രഹിച്ചിട്ടുള്ളത്. അതിനുവേണ്ടി സഭ കൊടുക്കേണ്ടിവന്ന വിലയും വളരെ വലുതാണ്. ഇന്ന് അപ്പോസ്തോലിക സഭകൾ എന്ന ലേബലിൽ കേരളക്കരയിൽ ഉണ്ടായിട്ടുള്ള സഭകൾ എല്ലാംതന്നെ ഇതിൽനിന്ന് പിരിഞ്ഞുപോയവർ ഉരുവാക്കിയിട്ടുള്ളവയാണ്. അതിലെ അംഗങ്ങൾപോലും ഇവിടെനിന്നും പോയിട്ടുള്ളവരാണ്. മലങ്കരസഭ ആരോടും പ്രതികാരം ചെയ്യാനോ അവരുടെ മുതല് ആക്രമിച്ച് പിടിച്ചെടുക്കാനോ അങ്ങോട്ട് പോയിട്ടില്ല. ആ സഭകളോടെല്ലാം ക്ഷമിച്ചും സഹിച്ചും സ്നേഹിച്ചും ഇന്നയോളം സൗഹാർദ്ദപരമായിപോയിട്ടേയുള്ളു.

കാതോലിക്കാ ബാവാ എന്ന വിശുദ്ധമായ സ്ഥാനനാമം പോലും എഡി 52ൽ മാർത്തോമ്മാശ്ലീഹാ മലങ്കരയിൽ വന്നുസ്ഥാപിച്ച കാതോലിവും അപ്പോസ്തോലികവും ഏകവും വിശുദ്ധവുമായ മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി സഭയുടെ പരമാദ്ധ്യക്ഷന് മാത്രം അർഹതപ്പെട്ടതാണെന്ന് ലോകം മുഴുവൻ അറിയുന്ന ഉണ്മയാണ്. ആ പരിപാവനമായ സ്ഥാനനാമം പോലും അതിന് അർഹതയില്ലാത്തവർ എടുത്തണിഞ്ഞ് വിലസുന്നതുകാണുമ്പോൾ ലജ്ജതോന്നുകയാണ്. മലങ്കരസഭയോട് ആർക്കും എന്തുമാകാമെന്ന ഭാവമല്ലെ അത്.

കാക്ക കുളിച്ചാൽ കൊക്കാകുകയില്ലെന്നും ചെന്നായ കുഞ്ഞാടിന്റെ തോലെടുത്തണിഞ്ഞാൽ ആടാവുകയില്ലെന്നും അർഹതയില്ലാത്ത വേഷംകെട്ടലുകൾ ദൈവനീതിക്ക് നിരക്കുന്നതല്ലെന്നും എല്ലാവർക്കും അറിയാവുന്നതാണ്. മലങ്കരസഭ എല്ലാംകൊണ്ടും ശരിരായതുകൊണ്ടാണല്ലോ പിരിഞ്ഞുപോയവരും ആ വേഷം കെട്ടുവാൻ നിർബന്ധിതരാകുന്നത്. അതുകൊണ്ട് അത്തരം സഭയിലെ അംഗങ്ങൾ തങ്ങളുടെ പൂർവ്വസഭയിലേക്ക് തന്നെ തിരിച്ചുവരികയല്ലേ വേണ്ടത്.

വിട്ടുവീഴ്ചാ മനോഭാവം ഇല്ലാത്തവരുടെ സഭയാണ് മലങ്കരസഭ എന്ന തെറ്റിദ്ധാരണ ആർക്കെങ്കിലും ഉണ്ടെങ്കിൽ അത് മാറ്റേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. എഡി 1054-ൽ കിഴക്കൻ സഭകളും പടിഞ്ഞാറൻ സഭകളും തമ്മിൽ പിളർപ്പുണ്ടായി. അന്ന് കുസ്തന്തീനോപോലീസിലെ ശക്തനായ മൈക്കിൾ സെറുലേറിയോസിനെ പാത്രിയർക്കീസിനെ പാട്ടിലാക്കാനായി ലിയോ ഒമ്പതാമൻ പോപ്പ് നിയോഗിച്ച ഒരു പ്രതിനിധി സംഘം കർദ്ദിനാൾ ഹുംബർട്ടിന്റെ നേതൃത്വത്തിൽ റോമിൽനിന്ന് അവിടേക്ക് പോയി. പോപ്പ് കാലംചെയ്തു. പ്രതിനിധി സംഘത്തിന്റെ അടവൊന്നും പാത്രിയർക്കീസിന്റെ മുമ്പിൽ വിലപോയതുമില്ല. ഇതിൽ കുപിതനായ കർദ്ദിനാൾ ഹുംബർട്ട് പാത്രിയർക്കീസിനെ മുടക്കിയതായി ഒരു കല്പന എഴുതി അവിടുത്തെ സോഫിയാ കത്തീഡ്രലിന്റെ ത്രോണോസിൽവെച്ചിട്ട് പ്രാണനുംകൊണ്ട് റോമിലേക്ക് രക്ഷപെട്ടു.

കല്പനകണ്ട പാത്രിയർക്കീസ് ഞെട്ടിയില്ല. അദ്ദേഹം ഉടൻതന്നെ സുന്നഹദോസ് വിളിച്ചുകൂട്ടി ഹുബർട്ടിനെയും പാപ്പായുടെ പ്രതിനിധിസംഘത്തെ മുഴുവനായും മുടക്കി. ഈ മുടക്ക് പാപ്പാ സംഘം ഇരന്നുവാങ്ങുകയായിരുന്നു.

കേരളത്തിൽ വന്ന അന്ത്യോഖ്യായുടെ അബ്ദുള്ളാ പാത്രിയർക്കീസ് 1911 ജൂൺ 9ന് പഴയ സെമിനാരിയിലെ ഒരു മുറിയിൽ ഇരുന്നുകൊണ്ട് അടുത്ത മുറിയിൽ താമസിച്ചിരുന്ന മലങ്കര മെത്രാപ്പോലീത്തായായിരുന്ന ഗീവർഗീസ് ദീവന്നാസിയോസ് തിരുമനസ്സിനെ മുടക്കിക്കൊണ്ട് ഒരു കല്പന എഴുതി. വിശ്വസ്തൻ വശം കൊടുത്തയച്ച് ആലപ്പുഴയിൽനിന്നും രജിസ്റ്റർ തപാലിൽ അയച്ചുകൊടുത്തു. ദീവന്നാസിയോസ് തിരുമനസ്സിന് വേണമെങ്കിൽ സെറുലേറിയസ് പാത്രിയർക്കീസിന്റെ അതേ മാതൃക സ്വീകരിച്ചുകൊണ്ട് അബ്ദുള്ളാ പാത്രിയർക്കീസിനെ മുടക്കാമായിരുന്നു. തിരുമനസ്സുകൊണ്ട് അങ്ങനെ ചെയ്യാതിരുന്നത് അവിടുന്ന് ഒരു ഭാരതീയനും ഭാരതസംസ്ക്കാരത്തിന്റെ അന്തസത്ത തിരിച്ചറിഞ്ഞവനും പാരമ്പര്യമുള്ള ഒരു നല്ല തറവാടിയും മാർത്തോമ്മാശ്ലീഹായുടെ പിൻഗാമിയായ നല്ല ക്രിസ്ത്യാനിയും കർത്താവിന്റെ സഭയിലെ ആത്മീയ മക്കളുടെ നല്ല ഇടയനുമായിരുന്നതുകൊണ്ടാണ്. വിട്ടുവീഴ്ചാ മനോഭാവം ദൈവദത്തമായി സഭയ്ക്ക് ലഭിച്ചിട്ടുള്ളതാണെന്നതിന് ഇതിൽപരം മറ്റെന്ത് ഉദാഹരണമാണ് വേണ്ടത്.

അന്ത്യോഖ്യായുടെ തൊലിവെളുപ്പുള്ള അറബി പാത്രിയർക്കീസിനെ കണ്ടപ്പോൾ മാർത്തോമ്മായുടെ ആത്മീയ മക്കളിൽ ഒരു വിഭാഗത്തിനും അവരുടെ ചില പ്രമാണിമാർക്കും മതിമറന്നു. പെറ്റമ്മയാണ് എന്റെ സ്വന്തം അമ്മ എന്നു പറയേണ്ട സ്ഥാനത്ത് അവർക്ക് നാവു പിഴച്ചു. ക്രൈസ്തവ ധർമ്മത്തിന് നിരക്കാത്ത ഒരു സമൂഹം ഇവിടെ ഉടലെടുത്തത് അങ്ങനെയാണ്. എന്നെ തല്ലരുതമ്മാവാ ഞാൻ ഒരുകാലത്തും ഗുണംപിടിക്കില്ലെന്ന് വാശിപിടിക്കുന്ന ഒരു കാതോലിക്കാ ബാവാ വേഷധാരി ആ സമൂഹത്തിന്റെ തലപ്പത്തിരുന്നുകൊണ്ട് മലങ്കരസഭയുടെ പള്ളികളിലും സ്ഥാപനങ്ങളിലും അതിക്രമിച്ചുകടന്ന് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് അവകാശവാദമുന്നയിക്കുവാൻ തുടങ്ങിയാൽ ക്രിസ്തീയതയ്ക്ക് നിരക്കുന്ന രീതിയിൽ പരിഹാരം കണ്ടെത്താൻ ശ്രമിക്കണമെന്ന് സമാധാന കാംക്ഷികൾ മലങ്കരസഭയുടെ നേതൃത്വത്തോട് നിർബന്ധംപിടിച്ചാൽ അത് എത്രത്തോളം ഫലവത്താകുമെന്ന് അവർതന്നെ ചിന്തിച്ചുനോക്കേണ്ട വിഷയമാണ്.

മയിലേ മയിലേ പീലിതാ എന്ന് മയിലിനോട് ചോദിച്ചാൽ പീലി കിട്ടുമായിരുന്നെങ്കിൽ മലങ്കരസഭയുടെ പ്രശ്നങ്ങൾക്ക് പരി

# ഹൂസോയോ

എം.സി.വർഗീസ് ആലുവ

മുത്തൂറ്റ്, മിനിമുത്തൂറ്റ് എന്നൊക്കെ പറയുംപോലെ നമ്മുടെ വി.കുമ്പസാര കൂദാശയുടെ ഒരു മിനി പതിപ്പാണ് ഹൂസോയോ - പാപപരിഹാരദാനം. ഇതിന്റെ പകലോമറ്റം എവിടെയെന്നോ അവിടുന്ന് പിൻകാലത്ത് ഏതേത് നാട്ടിൽ കുടിയേറിപാർത്തു എന്നോ നമുക്കറിവുമില്ല. ആദാം മുതൽ പാപമുണ്ടായിരുന്നു എന്ന് സങ്കൽപിച്ചാൽ അന്നുതൊട്ടേ ഹൂസോയോയും ഉണ്ടായിരുന്നു എന്നുവരും. ആദ്യാചാര്യത്വം കൈക്കൊണ്ട അഹറോൻ മുതൽ നാനാ സൃഷ്ടിവിഭാഗങ്ങൾക്കേകുന്നത് തൊട്ടെങ്കിലും ഹൂസോയോ ഉടലെടുത്ത് വിലസിയിരുന്നുവെന്ന് ന്യായമായി കരുതാം. തൊട്ടും തൊടാതെയും ഉറക്കെയും പതുക്കെയും കൈവെച്ചും അല്ലാതെയും വാതരോഗിക്കും സഖായിക്കും മറിയക്കുട്ടിക്കും മറ്റനേകർക്കും പാപ-രോഗശാന്തി യേശുക്രിസ്തു ഹൂസോയോ വഴി നൽകിയിരുന്നു. നമുക്ക് അത്ര കിഴക്കോട്ടൊന്നും പോകാതെ ക്രിസ്തീയ സഭയിലെ ഇന്നുകാണുന്ന നാടൻ ഹൂസോയോയെപ്പറ്റി ചിന്തിക്കുന്നതാണ് ഉത്തമം. അപ്പം തിന്നുന്നവൻ എന്തിനു കുഴിയെണ്ണുന്നു? ഒറിജിനൽ വി.കുമ്പസാരംപോലെ അത്രയ്ക്കും ധന്യാത്മീകത ഹൂസോയയ്ക്ക് സങ്കൽപിക്കാനാവില്ല. ഒരു രണ്ടാംകെട്ടുകാരന്റെയോ കൺസഷൻ ടിക്കറ്റുകാരന്റെയോ പത്രാസെ ഹൂസോയക്ക് സാധാരണയായി കൊടുക്കാറുള്ളു. പഞ്ചസാര ഇല്ലാത്ത നാരങ്ങാവെള്ളംപോലെയോ വെള്ളിയില്ലാത്ത വെള്ളിക്കോലുപോലെയോ മാത്രം. വി.കുമ്പസാരത്തിന്റെ ഒരു ഡപ്പിടി! പക്ഷെ മെയിൻ കുമ്പസാരം പോലെ സമഗ്രമായ ഒരുക്കവും ആയസപ്പാടും വേണ്ട. എപ്പോൾ വേണമെങ്കിലും ഓടിക്കേറിവന്ന് പട്ടക്കാരന്റെ മുമ്പിൽ പഞ്ചപുച്ഛമടക്കി കുലവെട്ടിയ കുറ്റിവാഴ പോലെ അരമിനിറ്റുനേരം അങ്ങുനിന്നുകൊടുത്താൽ മതി. അദ്ദേഹം ഒരു പിറുപിറുപ്പ് (തലയിൽ കൈവെച്ച്) പ്രാർത്ഥനചൊല്ലി മൂന്നു പ്രാവശ്യം കൈമുത്തുന്നതുവരെമാത്രം. പിന്നെ ശരിക്കു ക്യൂനിന്ന് വി.കുർബ്ബാനയും ഭവ്യമായി കൈക്കൊണ്ട് മടങ്ങാം. സാദാ കുമ്പസാരം പോലെ പള്ളിക്കു നാഴി വെളിച്ചണ്ണയോ ഒരുകൂട് മെഴുകുതിരിയോ 23-ാം സങ്കീർത്തനാലാപമോ ദാനദർമ്മമോ ഒന്നും പ്രായശ്ചിത്തം ഇല്ലാത്ത ചുളുവിൽ കിട്ടുന്ന ഒരു ദിവ്യകാരുണ്യം. അതുകഴിഞ്ഞ് കാളപൂട്ടാനോ, കുളംകുത്താനോ, വേലിപൊളിക്കാവവനോ ഒക്കെ പോവാം. ക്രിസ്തീയസഭയിൽ ഇത്രയും ഭയരഹിതവും നിർദ്ദോഷവുമായ മറ്റൊരു കാരുണ്യ പ്രവർത്തിയുമില്ല. എന്തു സൗകര്യം നന്ദി നമസ്ക്കാരം!

എന്നാൽ ഇതുപോലും നേരാംവണ്ണം ചെയ്യാൻ നാം മിനക്കെടാറില്ല. വായുഗുളിക വാങ്ങാൻ പോകുന്നതുപോലെ ഓടിക്കേറിവന്ന് തിക്കിത്തിരക്കിചെന്ന് ഇടവും വലവും നോക്കി ഈ ശുദ്ധകർമ്മം അനുഷ്ഠിക്കുന്നവരാണ് അധികംപേരും. പിന്നെ ഒരു നാൽപത് വയസ്സിനു താഴെയുള്ളവർ പള്ളിയിൽ തുലോം കുറവ്. കുറച്ചുപേർ ഉണ്ടെങ്കിൽതന്നെ തേനീച്ചക്കൂട്പോലെ തോന്നുമ്പോൾ വരവും പോക്കും. നിന്നാൽതന്നെ അവസാനഹൂത്തോമ്മാ കഴിഞ്ഞുടനെ വല്ല പാടും നേർച്ചയിട്ട് ചുറ്റുപാടും ദർശിച്ച് പുറംകാര്യങ്ങൾ നോക്കി നേതൃത്വം നൽകി മാന്യത പ്രാപിക്കാനാണ് ഇഷ്ടം. പൂമുഖത്തും ഊട്ടുപുരയിലുമൊക്കെ പോയി സൊറ പറയാനും ധൂമപാനം ചെയ്യാനുമൊക്കെയാണ് താൽപര്യം. നേർച്ചയും നെയ്യപ്പവും മറ്റ് വിഭവങ്ങളും വിളമ്പുക, പള്ളിരാഷ്ട്രീയത്തിലും നീണ്ട പ്രുമിയോൻ പ്രസംഗങ്ങളിലും വീറോടെ പ്രതികരിക്കുക. ഇവയ്ക്കൊക്കെ ആരെങ്കിലും വേണ്ടെ സാറെ. അച്ചൻ ചൊല്ലിക്കോ ഞങ്ങൾക്ക് ഇഷ്ടമുള്ളിടത്ത് ഞങ്ങൾ നിൽക്കും.

മറ്റൊന്ന്, പള്ളിയിൽ മെത്രാപ്പോലീത്താവരെ ആഹ്വാനം ചെയ്താലും പള്ളിയകത്ത് കേറാത്ത ഏറെ യുവ സത്യവിശ്വാസികൾ എല്ലാ പള്ളികളിലുമുണ്ട്. പണ്ട് ഒരു പള്ളിയിൽ ഇടകുർബ്ബാനയുടെ നേരത്ത് വൃദ്ധനായ പുരോഹിതൻ പറഞ്ഞു മക്കളെ അടുത്തേക്ക് വരൂ (അന്ന് മൈക്കില്ല) എനിക്ക് ഉച്ചത്തിൽ ചൊല്ലാൻ പറ്റില്ല അതുകൊണ്ടാണ്. മുരടിച്ച ഉത്തരം ഞങ്ങൾ ഞങ്ങളുടെ ഇഷ്ടം പോലെയൊക്കെ നിൽക്കും അച്ചൻ വേണമെങ്കിൽ വേഗം കുർബ്ബാനചൊല്ലി പൊയ്ക്കോ എന്നായിരുന്നു പ്രതികരണം.

നിത്യജീവൻ പ്രാപിപ്പാൻ സമയത്തും അല്ലാതെയും ഓടിക്കേറിവന്ന് പതിവായി ഹൂസോയോ എടുത്ത് വി.കുർബ്ബാന കൈക്കൊണ്ടുപോകാറുള്ള ഒരു കുർബ്ബാന കൊച്ചമ്മ പണ്ട് ഞങ്ങളുടെ പള്ളിയിൽ ഉണ്ടായിരുന്നു. പാവം അവസാന കുർബ്ബാന കൊള്ളാനിടവരാതെ അചിരേണ കർത്താവിൽ നിദ്രപ്രാപിച്ചു.

വി.കുർബ്ബാനയുടെയും ഹൂസോയോയുടെയും ധന്യാത്മികത സഭയിൽ തിളങ്ങിക്കാണുന്നത് നാൽപതാം വെള്ളിയാഴ്ചയുടെയും പെസഹാ വ്യാഴാഴ്ചയുടെയും തലേന്നാണ്. എത്ര നിർദ്ദേശിച്ചാലും പതിവുതെറ്റാത്ത പഴയ പരിപാടിതന്നെ. പട്ടക്കാരൻ ശരിക്കും കഷ്ടം അനുഭവിക്കുന്ന ദിനാന്ത്യങ്ങൾ. ചില പള്ളികളിൽ മറവലിക്കു മുമ്പെ എല്ലാ ഹൂസോയക്കാരെയും ഒന്നിച്ചുകൂട്ടി തിരിയും കത്തിച്ചുപിടിപ്പിച്ച് പട്ടക്കാരൻ പൊതുവായ ഒരു പ്രാർത്ഥനയും ഗീതങ്ങളും ചൊല്ലി എല്ലാവരെയും കൈമുത്തി വിടുന്നു. അങ്ങനെ ഒരു സമൂഹ ഹൂസോയോ ഒറ്റയ്ക്ക് ഒറ്റയ്ക്കല്ല ഒട്ടേറെ സമയം ഇതുകൊണ്ട് ലാഭിക്കാം. പക്ഷെ വി.കുർബ്ബാന സമൂഹമായി കൊടുക്കാൻ അത് പറ്റില്ലല്ലോ. ഏതായാലും ഹൂസോയോ അത് വികലമാക്കാതെ തലേന്നുതൊട്ടേ വേണ്ട ഒരുക്കത്തോടുകൂടി നേരത്തെ തന്നെ നടത്തി വി.കുർബ്ബാന അനുഭവിച്ചുപോകാൻ യുക്തവും ശക്തവുമായ നിർദ്ദേശങ്ങൾ സഭാകേന്ദ്രത്തിൽനിന്നും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഭക്തിയോടെ സ്വീകരിക്കേണ്ട തീക്കട്ട വികലമായും അലക്ഷ്യമായും സ്വീകരിച്ച് അങ്ങനെ പാപികളും രോഗികളുമായി ക്രിസ്തീയ സമൂഹം തീരാതിരിക്കട്ടെ!

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ജോൺ റ്റി.ജെ.**

# 30–05–2012–ൽ നടന്ന മാനേജിംഗ് കമ്മിറ്റിയോഗത്തിലെ ചോദ്യോത്തരങ്ങൾ

## ശ്രീ.പി.എസ്.തോമസ്

**ചോദ്യം** : സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സഭാമക്കളിൽനിന്നും അനവധി പരാതികൾ ഉണ്ടാകാറുള്ളതാണല്ലോ. മുൻകാലങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതലയുണ്ടായിരുന്ന അഭിവന്ദ്യ മെത്രാപ്പോലീത്തന്മാർ നിഷ്പക്ഷമതികളാണെങ്കിൽപോലും സഭാമക്കൾ അവരുടെ പേരിൽ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടാണല്ലോ ഇരിക്കുന്നത്. ഇത്തരത്തിലുള്ള പരാതികൾക്ക് ഇടവരുത്താതെ സുതാര്യമായ രീതിയിൽ നിയമനങ്ങൾ നടത്തുന്നതിന് ഒരു മാർഗ്ഗരേഖ ഉണ്ടാക്കുന്നതിന് സാധിക്കുകയില്ലേ?

**ഉത്തരം** : കാലാകാലങ്ങളിൽ ഉന്നയിച്ച പരാതികളെക്കുറിച്ച് അതത് സമയങ്ങളിൽ അന്വേഷിച്ച് വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**ചോദ്യം** : ആത്മീയ പ്രസ്ഥാനങ്ങളുടെ അദ്ധ്യക്ഷസ്ഥാനം അഭിവന്ദ്യ മെത്രാപ്പോലീത്തന്മാർ ചുമതലയേൽക്കുന്നത് നല്ലതുതന്നെ. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതലകളിൽനിന്നും അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരെ ഒഴിവാക്കി മാനേജിംഗ് കമ്മിറ്റി അംഗങ്ങളിൽനിന്നും ഭരണപരിചയവും ദീർഘവീക്ഷണവുമുള്ള വ്യക്തികളെ ചുമതലയേൽപ്പിക്കുന്നതല്ലേ നല്ലത്? സഭാഭരണഘടന 86/109 വകുപ്പുകളിൽ നിഷ്കർഷിച്ചിട്ടുള്ളതാണെങ്കിലും ഇതിന് ഒരു വ്യതിയാനം വരുത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ?

**ഉത്തരം** : തൽക്കാലം പരിഗണനയിലില്ല.

**ചോദ്യം** : അനേകായിരം കോടി രൂപായുടെ സ്വത്തുക്കളും സ്ഥാപനങ്ങളുമുള്ള നമ്മുടെ ദയറാകളുടെയും ആശ്രമങ്ങളുടെയും സാമ്പത്തിക പ്രവർത്തനങ്ങളിൽ ഒരു മേൽനോട്ടം സഭാനേതൃത്വം എടുക്കാറുണ്ടോ? പ്രസ്തുത പ്രസ്ഥാനങ്ങളുടെ വരവുചെലവു കണക്കുകൾ എല്ലാവർഷവും സഭാനേതൃത്വത്തിന് ലഭിക്കാറുണ്ടോ? മുൻകാലങ്ങളിൽ നഷ്ടപ്പെട്ടതുപോലെ ഇനി വരും കാലങ്ങളിൽ നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിനായി ദയറാകളും ആശ്രമങ്ങളും മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ?

**ഉത്തരം** : ദയറാകളും ആശ്രമങ്ങളും ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളാണ്. തന്മൂലം ഇവയുടെ പരോക്ഷ നിയന്ത്രണം പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിനാണ്. ഓരോ ദയറായുടെയും ഭരണനിർവ്വഹണത്തിനായി അതതിന്റെ ഭരണഘടനയുണ്ട്. മലങ്കരസഭാ ഭരണഘടനയോടുള്ള വിധേയത്വത്തിൽനിന്നുകൊണ്ട് മാത്രമാണ് ദയറാകൾ പ്രവർത്തിക്കുന്നതും പ്രവർത്തിക്കേണ്ടതും.

## ശ്രീ.ജി.സാംകുട്ടി

**ചോദ്യം** : കാതോലിക്കേറ്റ് & എം.ഡി. സ്ക്കൂൾസ് കോർപറേറ്റ് മാനേജുമെന്റിൽ പ്രൈമറി അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ? ഉണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽനിന്ന് എത്രപേരെ നിയമിച്ചു. നിയമനം റാങ്ക് ലിസ്റ്റിന്റെ ക്രമപ്രകാരം ആയിരുന്നോ?

**ഉത്തരം** : റാങ്ക് ലിസ്റ്റ് നിലവിലില്ല. നിയമനം റാങ്ക് ലിസ്റ്റിന്റെ ക്രമപ്രകാരം ആയിരുന്നു. 22 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

## ശ്രീ.കോശി ഉമ്മൻ

**ചോദ്യം** . കാതോലിക്കേറ്റ് & എം.ഡി. സ്ക്കൂൾസ് കോർപറേറ്റ് മാനേജുമെന്റിൽ റ്റി.റ്റി.സി. യോഗ്യതയുള്ളവരെ അദ്ധ്യാപകരായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചതായി 2012 മെയ് മാസം മലങ്കരസഭാ മാസികയിൽ കണ്ടു. ഇതിനു മുമ്പ് അവസാനം റ്റി.റ്റി.സി. യോഗ്യതക്കാരെ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയ വർഷം ഏത്? റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ (പേര്) ആരൊക്കെ? അവർക്കെല്ലാം നിയമനം കൊടുത്തോ?

**ഉത്തരം** : അവസാനം റ്റി.റ്റി.സി.ക്കാരെ സെലക്റ്റ് ചെയ്തത് 2007 മാർച്ചിലാണ്. സെലക്റ്റ് ലിസ്റ്റിന്റെ കോപ്പി എം.ഡി. സ്ക്കൂൾസ് കോർപറേറ്റ് മാനേജുമെന്റ് ഓഫീസിൽ ലഭ്യമാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധി തീർന്നതുമൂലം താഴെപറയുന്ന ക്രമനമ്പർ പ്രകാരം ഉള്ളവർക്ക് നിയമനം നൽകിയിട്ടില്ല (ക്രമനമ്പർ 16,1 8, 21, 24, 25).

ലിസറ്റിൽ ഉൾപ്പെട്ട 12 ഉദ്യോഗാർത്ഥികൾ മാനേജുമെന്റിന്റെ താൽപര്യപ്രകാരം ദിവസവേദനാടിസ്ഥാനത്തിലും അൺ ഇക്കണോമിക് സ്ക്കൂളുകളിലും ജോലി ചെയ്തിരുന്നു. ഈ 12 ഉദ്യോഗാർത്ഥികളെ അവർക്ക് നൽകിയിരുന്ന വാഗ്ദാനപ്രകാരവും ഗവേണിംഗ് ബോർഡിന്റെ തീരുമാനമനുസരിച്ചും നിയമനം നൽകിയിട്ടുണ്ട്.

**ചോദ്യം** : കാതോലിക്കേറ്റ് & എം.ഡി. സ്ക്കൂൾസ് കോർപറേറ്റ് മാനേജുമെന്റിൽ 2012 മാർച്ച് ഏപ്രിൽ മാസങ്ങളിൽ നടത്തിയ ഇന്റർവ്യൂ ഓരോ വിഷയങ്ങളിലും എത്ര ഒഴിവുകളാണ് ഉള്ളത്. റാങ്ക് ലിസ്റ്റിൽ ഓരോ വിഷയത്തിലും എത്രപേർ വീതം ഉൾപ്പെട്ടിട്ടുണ്ട്? ഇന്റർവ്യൂ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ്?

**ഉത്തരം** : മാത്സ് – 1, സോഷ്യൽ സയൻസ് – 1, ഫിസിക്സ് – 1, പെൻഷൻ പ്രായം ഉയർത്തിയതിനാൽ ഒഴിവുകൾ ഉണ്ടായിട്ടില്ല. 30 വയസ്സിനു മുകളിലുള്ളവർക്ക് മുൻഗണന, മെറിറ്റിനും പരിഗണന നൽകി.

**ചോദ്യം** : കാതോലിക്കേറ്റ് & എം.ഡി. സ്ക്കൂൾസ് കോർപറേറ്റ് മാനേജുമെന്റിൽ 2011–12–ൽ എച്ച്.എസ്.എസ്.റ്റി അദ്ധ്യാപക നിയമനത്തിന് ഓരോ വിഷയത്തിൽ ഇന്റർവ്യൂ നടത്തി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ആരൊക്കെയാണ്? ഏതെല്ലാം വിഷയത്തിലേക്കാണ് നിലവിലുള്ള എച്ച്.എസ്.എ.മാരിൽനിന്നും പ്രൊമോഷൻ നൽകുന്നതിന് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അവരുടെ പേരും സീനിയോരിറ്റിയും അറിയുന്നതിന് വേണ്ട മറുപടി തരേണ്ടതാണ്.

**ഉത്തരം** : സെലക്റ്റഡ് ലിസ്റ്റിന്റെ കോപ്പി എം.ഡി.സ്ക്കൂൾസ് കോർപറേറ്റ് മാനേജുമന്റ് ഓഫീസിൽ ലഭ്യമാണ്. എച്ച്.എസ്.എ.മാരിൽനിന്നും/ഭാഷാദ്ധ്യാപകരിൽനിന്നും പ്രൊമോഷന് ലിസ്റ്റ് തയ്യാറാക്കിയിരുന്നു.

ഇംഗ്ലീഷ്, കണക്ക്, ഹിന്ദി, അറബിക്ക് വിഷയങ്ങളിൽ പ്രമോഷൻ നൽകി. മാനേജുമെന്റിനു കീഴിലുള്ള സ്ക്കൂളുകളിൽനിന്നും ഹയർസെക്കണ്ടറിയിലേക്ക് അപേക്ഷിച്ചവരുടെ സീനിയോരിറ്റി ലിസ്റ്റ് എം.ഡി.സ്ക്കൂൾസ് കോർപറേറ്റ് മാനേജുമെന്റ് ഓഫീസിൽ ലഭ്യമാണ്.

## ശ്രീ.ടി.വി.സഖറിയാ

ചോദ്യം : ന്യൂനപക്ഷ പരിശീനകേന്ദ്രങ്ങൾ സംബന്ധിച്ച് – കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായം യു.ജി.സി. ഉൾപ്പെടെയുള്ള ഏജൻസികൾ നൽകുന്നുണ്ട്. എന്നാൽ ഇത്തരം കേന്ദ്രങ്ങൾ പലയിടങ്ങളിലും കടലാസുകളിൽ ഒതുങ്ങിനിൽക്കുന്ന അനുഭവമാണ് കണ്ടുവരുന്നത്. നമ്മുടെ സഭാവക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കീഴിലായി യു.ജി.സി. സഹായത്തോടെ ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നുണ്ടോ?

**ഉത്തരം** : കോർപറേറ്റ് മാനേജുമെന്റിൽപ്പെട്ട ഭൂരിപക്ഷ സ്ഥാപനങ്ങൾക്കും ന്യൂനപക്ഷ അവകാശം ലഭിച്ചത് 2011–12 വർഷങ്ങളിലാണ്. ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിക്കാവുന്നതാണ്.

**ചോദ്യം** : മലബാർ മേഖലയിൽ നമ്മുടെ സമുദായാംഗങ്ങൾ എണ്ണത്തിൽ വളരെ കുറവായതിനാൽ ഇതര സുറിയാനി വിഭാഗങ്ങളിൽപ്പെട്ടവരുമായി (യാക്കോബായ, മാർത്തോമ്മാ, മലങ്കര കത്തോലിക്കാ, സീറോ മലബാർ തുടങ്ങിയവ) വിവാഹബന്ധങ്ങൾ സാധാരണയായി തീർന്നിട്ടുണ്ട്.

ഇക്കാര്യത്തിൽ സീറോ മലബാർ സഭയുമായിട്ടാണ് കൂടുതൽ വിവാഹബന്ധങ്ങൾ നടന്നുവരുന്നത്. എന്നാൽ ഈ സഭയുമായി മലങ്കരസഭയ്ക്ക് നേരിട്ട് വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ നിലവിൽ വ്യവസ്ഥയില്ല. ഇതുമൂലം വധൂവരന്മാർ പങ്കാളിയുടെ ഇടവകയിൽ ചേരേണ്ടിവരുന്നത് ഒട്ടനവധി സംശയങ്ങൾക്കും തെറ്റിദ്ധാരണകൾക്കും ഇടവരുത്തുന്നുണ്ട്. യാക്കോബായക്കാരാണെങ്കിൽ വിവാഹബന്ധമാകാം. ഓർത്തഡോക്സുകാരുമായി സാധിക്കില്ല എന്ന നിലയിലുള്ള സംസാരങ്ങൾ പലപ്പോഴും ഇരുപക്ഷത്തുമുള്ള സാധാരണക്കാരായ വിശ്വാസികൾക്കിടയിൽ പരസ്പരം അവമതിപ്പിനിടയാക്കുന്നു. ഇതൊഴിവാക്കുവാൻ ഇരുസഭകലും തമ്മിലുള്ള വിവാഹബന്ധം അനുവദിക്കുവാനുള്ള കല്പനകൾ ഇരുഭാഗത്തുനിന്നും ഉണ്ടാകുംവിധം നീക്കങ്ങൾ നടക്കുന്നുണ്ടോ? ഉണ്ടെങ്കിൽ പുരോഗതി അറിയിക്കാമോ?

**ഉത്തരം** : പരിശുദ്ധ സുന്നഹദോസിന്റെ പരിഗണനയിൽ വരുന്ന വിഷയമാണിത്. പരിശുദ്ധ സഭയും റോമൻ കത്തോലിക്കാ സഭയുമായി നടന്നുവരുന്ന ഡയലോഗുകളിൽ ഈ വിഷയവും ഉൾക്കൊള്ളിച്ച് ചർച്ചകൾ നടന്നുവരുന്നു.

**ചോദ്യം** : സഭയിലെ വൈദികർക്ക് പി.എഫ്. പദ്ധതിയിൽ മാസംതോറും അടച്ചുവരുന്ന വിഹിതം എത്രയാണ്. ഈ തുക വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടന്നുവരുന്നുണ്ടോ?

**ഉത്തരം** : 2010–ൽ മാനേജിംഗ് കമ്മിറ്റി പാസ്സാക്കി സുന്നഹദോസ് അംഗീകരിച്ച് നിലവിലുള്ള വൈദിക ശുശ്രൂഷക ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഓരോ വൈദികന്റെയും സേവനകാലത്തിനനുസരിച്ച് അതത് മെത്രാസനങ്ങൾ പി.എഫ് വിഹിതം അടയ്ക്കുന്നു.

പി.എഫ് വിഹിതം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചന നടക്കുന്നില്ല.

## പ്രൊഫ.ഡോ.വൈ.ജോയി

**ചോദ്യം** : എൻജിനീയറിംഗ് ഗ്രാജ്വേറ്റ്സിന്റെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ മനസ്സിലാക്കി വിദേശ മലയാളികളുടെ സഹായത്തോടെ ഒരു ഐറ്റി ആന്റ് ഇലക്ട്രോണിക് പാർക്ക് കേരളത്തിൽ തുടങ്ങാൻ സഭ മുൻകൈ എടുക്കുമോ?

**ഉത്തരം** : നിർദ്ദേശം സ്വാഗതാർഹമാണ്.

**ചോദ്യം** : തൊഴിൽ രഹിതരുടെ പ്രശ്നങ്ങളുടെ പരിഹാരത്തിനായി എത്ര തുക സഭ മാറ്റി വെയ്ക്കുന്നു

**ഉത്തരം** : നിലവിൽ തുക വകയിരുത്തിയിട്ടില്ല.

## ശ്രീ.സന്തോഷ് ബേബി എ.കെ.

**ചോദ്യം** : കോർപറേറ്റ് & എം.ഡി. സ്ക്കൂൾസിൽ നിലവിലുള്ള അദ്ധ്യാപകരുടെയും, അനദ്ധ്യാപകരുടെയും, വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ടോ? പുതിയ അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടിയുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് എന്തു മാനദണ്ഡമാണ് ഉപയോഗിക്കുന്നത്?

**ഉത്തരം** : വിദ്യാഭ്യാസ വകുപ്പിന്റെ ഏറ്റവും പുതിയ മാനദണ്ഡങ്ങൾക്കനുസൃതമായി സീനിയോരിറ്റി ലിസ്റ്റ് തയ്യാറായിക്കൊണ്ടിരിക്കുന്നു. പുതിയ അദ്ധ്യാപകരെ നിയമിക്കുന്നതിന് 30 വയസ്സിനു മേലുള്ളവർക്കും മെറിറ്റിനും മുൻഗണന.

**ചോദ്യം** : കാതോലിക്കാ സ്ഥാപന ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് സഭാമക്കൾക്ക് പ്രയോജനകരമാകത്തക്കവണ്ണം എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ? (ഉദാ: ചികിത്സാ സഹായ പദ്ധതി, വിദ്യാഭ്യാസ സഹായപദ്ധതി തുടങ്ങി)

**ഉത്തരം** : മലങ്കരയിൽ കാതോലിക്കേറ്റ് പുനസ്ഥാപിച്ചതിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് നിർദ്ധനരായ സഭാംഗങ്ങൾക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി, കർഷകർക്കുള്ള സഹായ പദ്ധതി, സ്ലീബാദാസ സമൂഹാംഗങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതി, വിവാഹ സഹായപദ്ധതി മുതലായ വിവിധ ജീവകാരുണ്യ പദ്ധതികൾ ബജറ്റിൽ ആവിഷ്ക്കരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

## ശ്രീ.ജോസഫ് അലക്സാണ്ടർ

**ചോദ്യം** : സഭയുടെ വകയായുള്ള വിവിധ സ്ക്കൂൾ, കോളജ്, എൻജിനീയറിംഗ് കോളജ്, ഹോസ്പിറ്റർ എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗനിയമനം, സ്ഥലംമാറ്റം എന്നിവയ്ക്ക് പ്രത്യേകം റിക്രൂട്ട്മെന്റ് റൂൾ, ട്രാൻസ്ഫർ നോംസ് എന്നിവയുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കോപ്പി എല്ലാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം** : കേരളാ ഗവൺമെന്റിന്റെ നിയമന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് സഭയുടെ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നത്. കേരളാ ഗവൺമെന്റിന്റെ നിയമങ്ങൾക്ക് അനുസൃതമായി അതത് സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കത്തക്കവിധവുമാണ് നിയമനങ്ങൾ നടത്തുന്നത്.

**ചോദ്യം** : സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സണ്ടേസ്ക്കൂൾ 10,12 ക്ലാസ്സ് പാസ്സാകുകയോ പഠിക്കുകയോ ചെയ്യുന്ന വിദ്യാർത്ഥികളുടെ സെക്കുലർ പഠനത്തിന് ഭദ്രാസനതലത്തിൽ ലോൺ സ്ക്കോളർഷിപ്പ് നൽകുന്നതിന് വേണ്ട സഹായം ഭദ്രാസനങ്ങൾക്ക് നൽകി സഹായിക്കുന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം** : 2012–13–ലെ ബജറ്റിൽ സണ്ടേസ്ക്കൂൾ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് സെക്കുലർ പഠനത്തിന് ലോൺ സ്ക്കോളർഷിപ്പ് നൽകുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്.

**ചോദ്യം** : സ്ക്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് ഏറ്റവും പ്രായം കൂടിയ 35–38 വയസ്സുവരെയുള്ളവരെയാണ് മുഖ്യമായും പരിഗണിക്കുന്നത് എന് മനസ്സിലാക്കുന്നു. 35 വയസ്സുള്ള അദ്ധ്യാപകൻ ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് തലത്തിൽ 10–15 വർഷങ്ങൾക്കുമുമ്പ് പഠിച്ചിരുന്ന വിഷയങ്ങളാണ് ഇന്ന് അഞ്ചുമുതൽ ക്ലാസ്സുകളിലുള്ള കുട്ടികൾ പഠിക്കുന്നത്. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ശാസ്ത്രസാങ്കേതിക ശാഖകളിൽ പഠനം നടത്തിയിട്ടുള്ള പുതിയ തലമുറയുടെ സേവനം നമ്മുടെ എയ്ഡഡ് സ്ക്കൂളുകളിലെ കുട്ടികൾക്ക് ലഭ്യമല്ലാതെവരുന്നു. 50 ശതമാനം വേക്കൻസികളെങ്കിലും പ്രായവും മറ്റും കണക്കാക്കാതെ

(ശേഷം പേജ് 7–ൽ)

# ജീവന്റെ അപ്പം വിശപ്പിന്റെ ഉത്തരം

## ധ്യാനപീഠം

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

**പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായറാഴ്ച**

**വേദഭാഗം വി.യോഹന്നാൻ 6:26–35**

യേശുതമ്പുരാൻ വിഭജിച്ചു നൽകിയ അപ്പം ഭക്ഷിച്ച് ആയിരങ്ങൾ വർദ്ധിത വീര്യത്തോടെ കർത്താവിനെ അന്വേഷിക്കുന്നതിന്റെ പശ്ചാത്തലത്തിലെ ചില വിവരണങ്ങളാണ് ഇവിടെ കാണുന്നത്. പഴയ നിയമത്തിലെ മന്നായുടെ ഉറവിടത്തെക്കുറിച്ചും സ്വർഗ്ഗത്തിൽനിന്നുള്ള ജീവന്റെ അപ്പത്തെക്കുറിച്ചുമൊക്കെ ഇവിടെ പ്രതിപാദിക്കുന്നു.

കത്തുന്ന മുൾക്കാടുകൾക്കു മുമ്പിൽ പരിഭ്രാന്തനായി നിൽക്കുന്ന മോശയെ അത്രപെട്ടന്ന് മറക്കാനാവുകയില്ല. ആ തിമിരത്തിനു മുമ്പിൽ മോശ ഒന്നും മനസ്സിലാക്കാത്തവനായി നിൽക്കുകയാണ്. ഞാനാകുന്നവൻ ഞാനാകുന്നുവെന്ന് ഘനത്തിൽ അരുളിച്ചെയ്യുമ്പോൾ യഹോവയായ ദൈവം തികച്ചും ഭാഗികമായ ഒരവബോധം മാത്രമെ നൽകുന്നുള്ളു. കൃത്യമായ ഒരു ഉത്തരമില്ലാതെ കുറേ സന്ദേശങ്ങളുമായിട്ടാണ് മോശ ഹോറേബ് ഇറങ്ങുന്നത്. എല്ലാ കാലത്തിലെയും മനുഷ്യരുടെ പ്രതീകമാണ് മുൾപടർപ്പിലെ മോശ. എന്താണ് ബ്രഹ്മം എന്ന് അന്വേഷിക്കുമ്പോൾ മൗലികമായ ഉത്തരമില്ല. ഇതാണോ? അതാണോ അതും ആകാം ഇതും ആകാം. നേതി – നേതി എന്നുത്തരം മാത്രമാണ് കിട്ടുന്നത്. എന്നാൽ ഈ സുവിശേഷഭാഗത്തെ ഞാൻ ജീവന്റെ അപ്പമാകുന്നു എന്ന പ്രസ്താവന മനുഷ്യമനസ്സുകളെ മറ്റൊരു തരത്തിൽ വിസ്മയിപ്പിക്കുകയാണ്. കാരണം ഇത്ര ലളിതമായി ആര് ആരെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ഇതിലും ലളിതമായി ദൈവത്തെക്കുറിച്ച് എങ്ങനെയാണ് പറയുന്നത്. ആഹാരം വസ്ത്രം പാർപ്പിടം ഇവയാണല്ലോ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ. അതിൽ ആഹാരം പ്രാഥമികവും. ഈ പ്രാഥമിക ഉത്തരമില്ലാതെ മനുഷ്യന് ജീവിക്കാനാവില്ല. അതിനാൽ നിന്റെ മുമ്പിൽ ഏറ്റവും ആവശ്യമുള്ള ഉത്തരമായി അപ്പമെന്ന ദൈവം ഇറങ്ങിവരികയാണ്. മനുഷ്യന്റെ നിത്യാനുഭവ മണ്ഡലത്തിലേക്ക് എത്ര സുതാര്യനായാണ് ദൈവം ഇടപെടുന്നത്. അപ്പമെന്ന ആശയത്തിൽക്കൂടി അല്ല അനുഭവത്തിൽക്കൂടി സാധാരണക്കാരന്റെ നേർബുദ്ധിയാൽ മനസ്സിലാകുന്ന തരത്തിൽ ദൈവം നിന്നുതരികയാണിവിടെ. നമ്മൾ നമ്മുടെ വ്യക്തിത്വത്തെക്കുറിച്ചൊക്കെ ഘനമുള്ള പരിചയപ്പെടുത്തലുകൾ മാത്രം നടത്തുമ്പോൾ നസ്രേത്തിലെ യേശുവേ അവിടുന്ന് എത്ര സരളമായാണ് സ്വയം നിർവചിച്ചത്.

യേശു ഭൂമിക്ക് നൽകുന്ന സമൃദ്ധമായ ഉത്തരമാണ് ഞാൻ ജീവന്റെ അപ്പമാകുന്നു എന്ന പ്രസ്താവന. വിശപ്പിനുള്ള ഉത്തരമത്രെ അപ്പം. ലോകത്ത് അമേരിക്കയിലും മ്യാന്മാറിലും മലബാറിലും അതിന് ഒരേ ഭാവമാണ്. അതുകൊണ്ട് ഈ പ്രപഞ്ചത്തിലെ ഓരോ അണുവിലും ഞാൻ അപ്പമെന്ന ഉത്തരത്തിന് പ്രസക്തിയുണ്ട്. അപ്പത്തോളം ദഹനവേഗമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ വിരളമാണ്. നിന്റെ ജീവിതത്തിലേക്ക് വളരെവേഗം പടർന്നുകയറേണ്ട ആത്മീയാനുഭവമാണ് യേശു. അവിടുന്ന് പറഞ്ഞ ഉപമകളും പ്രഭാഷണങ്ങളും വചസുകളും നിയമങ്ങളും എത്രമേൽ ലളിതവും മൃദുലങ്ങളുമായിരുന്നു. കാലം കടന്നുപോയപ്പോൾ നമ്മൾ എല്ലാവരും ചേർന്ന് വ്യാഖ്യാനിച്ചും വിശകലനം നടത്തിയും ഒക്കെ സങ്കീർണ്ണമാക്കിതീർത്തു എന്നൊരു കുഴപ്പം മാത്രമെ ഉണ്ടായിട്ടുള്ളു.

**ഇനിമേൽ ഞാനറിയുന്നു – എല്ലാറ്റിന്റെയും ഉത്തരം നീതന്നെ**

ഈ പ്രപഞ്ചത്തിൽ ഒത്തിരി വിശപ്പുകളുണ്ട്. ഓരോരുത്തർക്കും ആനുപാതികമായ വിശപ്പുകൾ അപ്പമെന്ന ഉത്തരത്തിലേക്ക് എത്തിച്ചേരേണ്ട വിശപ്പുകളുണ്ട്. പല വിശപ്പുകൾക്കും കണ്ടെത്തപ്പെടേണ്ട ഉത്തരമാണ് ക്രിസ്തു. രോഗം സൗഖ്യത്തിനുള്ള വിശപ്പാണ്. ഞെരുക്കം സമൃദ്ധിക്കുള്ള വിശപ്പാണ്. മരണം പുതിയ ജീവനുള്ള വിശപ്പ്. ദുഃഖം സന്തോഷത്തിനുള്ള വിശപ്പ്. നിരാശ പ്രത്യാശയ്ക്കുള്ള വിശപ്പ്. തടസ്സം പൂർത്തീകരിക്കുന്നതിനുള്ള വിശപ്പ്, സങ്കടം ആഹ്ളാദത്തിനുള്ള വിശപ്പ്. മേൽപറഞ്ഞ ഉത്തരങ്ങളിലേക്കുള്ള മാർഗ്ഗവും ഉത്തരവും യേശുതന്നെ. എന്നാൽ ഇത്തരം വിശപ്പുകളിൽ നാം ഉത്തരമായ യേശുവിലേക്കല്ല പിശാചെന്ന മറ്റൊരു ഉത്തരത്തിലേക്ക് പോകാറുണ്ട്. നിരാശയിൽ മദ്യത്തിലേക്കും സങ്കടത്തിൽ ആത്മഹത്യയിലേക്കും ദുഃഖങ്ങളിലും ഞെരുക്കങ്ങളിലും തള്ളിപ്പറയലിലേക്കും നാം പോകുന്നു. എന്നാൽ എല്ലാറ്റിന്റെയും ഉത്തരം ദൈവംതന്നെ – സാരമിതാണ്.

**പെന്തിക്കോസ്തിക്കുശേഷം രണ്ടാം ഞായറാഴ്ച**

**വി.മത്തായി 10:5–16**

പന്ത്രണ്ട് അപ്പോസ്തോലന്മാരെയും കർത്താവ് ഇസ്രായേൽ ഗോത്രങ്ങളുടെ മധ്യേ ദൗത്യനിർവ്വഹണത്തിന് അയക്കുന്ന വേദഭാഗമാണിത്. അവരുടെ യാത്രയുടെ ഒരുക്കത്തെക്കുറിച്ചും യാത്രയിൽ പാലിക്കേണ്ട ശീലങ്ങളെക്കുറിച്ചും ഇവിടെ കർശനമായി പറയുന്നുണ്ട്. പ്രസംഗവും പ്രബോധനവും സൗഖ്യദാനവും അടങ്ങുന്ന ത്രിവിധ ശുശ്രൂഷകൾക്കായി പന്ത്രണ്ട് പേരും ഇവിടെ ഭരമേൽപ്പിക്കപ്പെടുകയാണ്.

**മനുഷ്യൻ കണക്കുകൂട്ടുന്നു – ദൈവം തീരുമാനിക്കുന്നു**

പന്ത്രണ്ട് പേരെ അത്ര നിശ്ചയമില്ലാത്ത വഴികളിലേക്ക് അവരുടെ ഗുരു പറഞ്ഞുവിടുമ്പോൾ പ്രധാനമായും സംസാരിക്കുന്നത് അവരുടെ പൊക്കണത്തിൽ എന്തൊക്കെ കരുതണമെന്നല്ല, എന്തൊക്കെ കരുതണ്ടാ എന്നതിനെക്കുറിച്ചാണ്. അങ്ങനെ അവരുടെ ഭാണ്ഡത്തിന്റെ കനം കുറയ്ക്കുന്നത് നാമറിയുന്നു. വടി, ചെരുപ്പ്, സഞ്ചി, പൊക്കണം തുടങ്ങി...... ഒന്നും വേണ്ടന്ന്. എന്താണ് ഇതിന്റെ അർത്ഥം. അമിതമായ കണക്കുകൂട്ടലുകളോ ജീവിതത്തെക്കുറിച്ച് കൃത്യമായ മുൻധാരണകളോ വേണ്ടന്ന് തന്നെ. അടുത്ത ചുവടുപോലും ദൈവത്തിന്റെ കരങ്ങളിലാണെന്ന് ഒരു മനുഷ്യൻ എപ്പോഴും ഓർക്കുന്നത് എത്ര നല്ലതാണ്. ഉല്പത്തി 12–ാം അദ്ധ്യായം ഒരു വഴിത്തിരിവാണ് ചരിത്രത്തിൽ. 75 വയസ്സുകാരൻ അബ്രഹാമിന് ഏറെക്കുറെ സ്വസ്ഥമായിരിക്കേണ്ട പ്രായത്തിൽ ഇനിയും എന്നോ കാണിപ്പാനിരിക്കുന്ന ദേശമെന്ന അനിശ്ചിതത്വത്തിലേക്ക് പറഞ്ഞയക്കുമ്പോഴും ദൈവം മുന്നോട്ട് വെയ്ക്കുന്ന മാനദണ്ഡങ്ങൾ ഇങ്ങനെതന്നെ. നാടും കൂടും കൂട്ടരും ഉപേക്ഷിക്കേണ്ടിവരുന്നു. തിരസ്ക്കരിക്കേണ്ട പട്ടിക അബ്രഹാമിനു മുമ്പിൽ ദൈവം നിരത്തിവെയ്ക്കുന്നു. അങ്ങനെ ഇറങ്ങിയ ആൾ പിന്നൊരു നൂറുവർഷം മക്പേലാഗുഹയിൽ വിലയംപ്രാപിക്കുവോളം ഉടയവൻ കാണിച്ച വഴികളിലൂടെ നടന്നു. മറുവഴി പോയ ലോത്ത് സോദോമിലെ മാളികയിൽ അസ്വസ്ഥനായിരുന്നപ്പോൾ മണൽക്കാടുകളിലെ അനിശ്ചിതത്വത്തിലേക്ക് എടുത്തെറിയപ്പെട്ട അബ്രഹാം മമ്രേയുടെ വൃക്ഷത്തണലിൽ അടുത്തനിമിഷങ്ങളെക്കുറിച്ച് അറിയാതിരിക്കുമ്പോഴും സ്വസ്ഥമായി കിടന്നുറങ്ങി. തീവണ്ടി വാതിൽക്കലെ കറുത്ത ചെറിയ അക്ഷരങ്ങൾ ഇങ്ങനെ പറയുന്നു ലെസ്സ് ലഗേജ് മോർ കംഫർട്ട്. ഭാരം കുറയ്ക്കൂ യാത്ര കൂടുതൽ സുഖകരമാക്കൂ. യാത്രയുടെ സുഖത്തിലേക്കുള്ള ക്ഷണമാണിത്. ജീവിതവും ഒരു വഴിയാത്രതന്നെ. യേശു പറയുന്നതും അതേ വാക്കുകൾ. ദീർഘയാത്രയ്ക്ക് പറഞ്ഞയക്കുമ്പോൾ കുറേ ഭാരം കുറയ്ക്കലിന്റെ നിർദ്ദേശങ്ങൾ. പക്ഷെ ഈ തലമുറ ഉപഭോഗം മുദ്രാവാക്യമാക്കിയിരിക്കുന്നു. ചുറ്റുവട്ടങ്ങളിൽനിന്ന് കൂടുതൽ കരുതുക എന്ന് കമ്പോളം നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെതന്നെ നാം മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. നാം നമ്മെക്കുറിച്ചും നമ്മുടെ കുഞ്ഞുങ്ങളെക്കുറിച്ചും വലിയ സ്വപ്നങ്ങൾ നെയ്ത് അവയുടെ മുകളിൽ പകൽകിനാവ് കണ്ടിരിക്കുന്നു. എന്തൊക്കെ കണക്കുകൂട്ടിയാലും കണക്കുകൂട്ടലുകൾക്കു മേൽ ദൈവം തീരുമാനമെടുക്കും. അതേ മെൻ കാൽകുലേറ്റ് ഗോഡ് ഡിസൈഡ്സ്.

**വെള്ളം ചേർക്കാത്ത നിലപാടുകൾ**

യാത്ര ചെയ്യുന്നിടത്തെക്കുറിച്ച് യേശു പറയുന്നത് കൃത്യമായ നിലപാടുകളെ എടുക്കാനാണ്. യോഗ്യരായവരോട് ഒത്തുചേരുക, നഗരംവിടുവോളം അവരോടൊപ്പമായിരിക്കുക എന്നുവെച്ചാൽ അവസാനത്തോളം വിശ്വസ്തരായിരിക്കുക. കാലിലെ പൊടിപോലും തിരസ്ക്കരിക്കപ്പെടുന്നയിടത്ത് തട്ടിക്കളയുക അഥവാ ഒരു ബാധ്യതയും അനാവശ്യമായും എവിടെയും അവശേഷിപ്പിക്കാതിരിക്കുക തുടങ്ങി വളരെ കൃത്യമായ നിലപാടുകൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയാണ്. ജീവിതത്തിൽ ഒരു ഏച്ചുകെട്ടലുകളുമില്ലാതെ ജീവിച്ചവന്റെ ശിഷ്യർ എച്ചുകെട്ടലുകളുമായി ചാഞ്ഞും ചരിഞ്ഞും ജീവിക്കാൻ പാടില്ല എന്നു സാരം. സഭ എന്ന വാക്കിന് സമാനതയുടെ ഭാസം (പ്രകാശം) എന്നർത്ഥമുണ്ട്. എല്ലാറ്റിനോടും സമാനമായ നിലപാടുകൾ സ്വീകരിക്കേണ്ട സഭ നിലനിൽപ്പിനുവേണ്ടി ചാഞ്ഞും ചരിഞ്ഞും രാഷ്ട്രീയപ്രീണനങ്ങൾ നടത്തിയും വർത്തമാനലോകത്തിന്റെ സുഖം മാത്രം ലക്ഷ്യമിട്ട് മുന്നോട്ട് പോകുന്നുവോ. കുറേയേറെ കൃത്യതയോടെ വെള്ളംചേർക്കാതെ ദൗത്യം പൂർത്തിയാക്കാനാണ് യേശു കാലത്തോടും നമ്മോടും ആവശ്യപ്പെടുന്നത്.

# കെ.ഒ.വർഗീസിന്റെ നിവേദനം.....പേജ് 1–ൽനിന്ന്

അസോസിയേഷൻ നടത്തിപ്പിനുണ്ടായ വരവുചിലവുകണക്കുകൾ ലോക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കിയശേഷമേ മാനേജിംഗ് കമ്മിറ്റിയിൽ കൊണ്ടുവരാവൂ എന്നും ഒരു സീനിയർ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലുള്ള ഒരു സമിതിയെ ബാവാ തിരുമേനി നിയമിച്ച് അസോസിയേഷന്റെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്നുമായിരുന്നു പരാതിയിലെ മുഖ്യ ആവശ്യങ്ങൾ. 2012–ലെ കാതോലിക്കാദിനകവർ വിതരണത്തിനായി അസോസിയേഷൻ സെക്രട്ടറിയും മറ്റും പത്തനംതിട്ട ബേസിൽ അരമനയിൽ നടത്തിയ യോഗത്തിൽ ഭദ്രാസന സെക്രട്ടറി ഉൾപ്പെടെയുള്ള വൈദികരും പള്ളിപ്രതിപുരുഷന്മാരും അസോസിയേഷൻ നടത്തിപ്പിലുണ്ടായ വീഴ്ചകളെക്കുറിച്ചും തുമ്പമൺ ഭദ്രാസനത്തിനുണ്ടായ നാണക്കേടിലും ശക്തമായി പ്രതികരിച്ചതിന് കൃത്യമായ മറുപടി പറഞ്ഞിട്ടില്ല.

ഈ സാഹചര്യത്തിൽ അസോസിയേഷൻ നടത്തിപ്പിന് രൂപീകരിച്ച ലോക്കൽ കമ്മിറ്റി പ. ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി കണക്കുകൾ അവതരിപ്പിച്ച് ഇതു സംബന്ധിച്ച പരാതികൾക്ക് പരിഹാരം കാണമെന്ന് വിനയപൂർവ്വം വീണ്ടും അപേക്ഷിക്കുന്നു. അസോസിയേഷനുവേണ്ടി ആർച്ച്, ഫ്ളക്സ് ബോർഡുകൾ എന്നിവ വെച്ചവർക്ക് പണം നാളിതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി വ്യാപകമായുണ്ട്. ഇവയെല്ലാം സ്പോൺസർ ആണെന്നാണ് അറിഞ്ഞത്. അതുകൊണ്ട് കണക്ക് ആരെയും ബോധിപ്പിക്കണ്ട എന്നാണ് കേൾക്കുത്.

ഞാൻ പ.ബാവാ തിരുമേനിക്ക് നൽകിയ പരാതിയിലെ ചില കാര്യങ്ങൾക്ക് സഭയുടെ അത്മായട്രസ്റ്റി ശ്രീ.എം.ജി.ജോർജ് മുത്തൂറ്റ് 24–04–2012–ൽ പ.ബാവാ തിരുമേനിക്ക് നൽകിയ വിശദീകരണ പരാതിയുടെ പകർപ്പ് എനിക്ക് ലഭിക്കുകയുണ്ടായി. അതിന് ഒരു വിശദീകരണം കൂടി താഴെ ചേർക്കുന്നു.

1. മുത്തൂറ്റ് ജീവനക്കാർക്ക് ഭക്ഷണം നൽകാനായി മാക്കാംകുന്ന് പള്ളി ഓഡിറ്റോറിയം പതിനായിരം രൂപാ വാടകയ്ക്ക് എടുത്തിരുന്നു.

2. അസോസിയേഷന് വിവിധ സ്ഥലങ്ങളിൽനിന്നും വന്ന നൂറുകണക്കിന് ഡ്രൈവർമാരും മറ്റും ഒരു നിയന്ത്രണവുമില്ലാതെ ഭക്ഷണം കഴിച്ചു.

3. അസോസിയേഷൻ സെക്രട്ടറി യാതൊരു നിയന്ത്രണവുമില്ലാതെ തന്റെ പാർശ്വവർത്തികൾക്ക് വി.ഐ.പി.പാസ്സും വോളണ്ടിയർ പാസ്സും യഥേഷ്ടം നൽകിയതിനാൽ അവരെല്ലാം മുൻകൂട്ടി കോളജ് ഓഡിറ്റോറിയത്തിൽനിന്നും ഭക്ഷണം കഴിച്ചതിനാൽ അസോസിയേഷൻ പ്രതിനിധികളായ ആയിരത്തോളംപേർക്ക് ഭക്ഷണം ലഭിച്ചില്ല.

ഇതിൽ ഒന്നും രണ്ടും പോയിന്റുകൾ ശ്രീ.ജോർജ് മുത്തൂറ്റ് സമ്മതിക്കുന്നുണ്ട്. മുത്തൂറ്റ് ജീവനക്കാർ അസോസിയേഷൻ ചിലവിൽ ഭക്ഷണം കഴിച്ചുവെന്ന് ഞാൻ പറഞ്ഞിട്ടില്ല. അതിനാൽ എന്റെ പരാതിയിലെ ഒരു പരാമർശവും ശ്രീ.ജോർജ് മുത്തൂറ്റിന് വേദനയുണ്ടാക്കേണ്ട കാര്യമില്ല. മൂന്നാമത്തെ പോയിന്റിൽ പറഞ്ഞിരിക്കുന്ന വീഴ്ച അസോസിയേഷൻ സെക്രട്ടറി ഉത്തരവാദിത്വബോധമില്ലാതെ ചെയ്ത പ്രവർത്തിമൂലം സംഭവിച്ചതാണ്. അതിന് എന്തെങ്കിലും മറുപടി ഉണ്ടെങ്കിൽ പറയേണ്ടത് സെക്രട്ടറിയാണ്.

മുത്തൂറ്റ് കുടുംബം (തേവർവേലിൽ) രണ്ടുതലമുറകളായി സഭയ്ക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള സാമ്പത്തിക സഹായങ്ങളെക്കുറിച്ച് ഞങ്ങൾ ബോധവാന്മാരാണ്. അതിനു മുമ്പുള്ള കാര്യങ്ങളിൽ ഞങ്ങൾക്ക് വ്യക്തതയില്ല. കുടുംബ പാരമ്പര്യത്തെ ഞങ്ങൾ ചോദ്യം ചെയ്യാൻ ആഗ്രഹിച്ചിട്ടില്ല. മാരാമൺ, കോഴഞ്ചേരി ഭാഗത്ത് നവീകരണസഭയുടെ കടന്നുകയറ്റത്തിൽ മാതൃസഭയിൽ ഉറച്ചുനിന്നവരാണ് തേവർവേലിൽ കുടുംബം.

സമ്മേളന നഗറിൽനിന്നും മുത്തൂറ്റ് ഹോസ്പിറ്റൽ കാന്റീനിലേക്കും മുത്തൂറ്റ് ഗ്രൂപ്പ് വാടകയ്ക്ക് എടുത്ത ഓഡിറ്റോറിയത്തിലേക്കും ഒരേ ദൂരമാണ് (1കി.മീ.). അസോസിയേഷൻ പ്രതിനിധികൾക്ക് ഭക്ഷണം പാകം ചെയ്തത് ഈ ഓഡിറ്റോറിയത്തിന്റെ കിച്ചനിലാണ്. ഇത് എന്റെ വീടിന് നൂറുവാര അകലെയാണ്. ഞാൻ അവിടെ നേരിട്ട് കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഹോസ്പിറ്റൽ കാന്റീനിൽ 80 പേർക്ക് ഇരുന്ന് കഴിക്കാനുള്ള സൗകര്യമുണ്ട്. പതിനായിരം രൂപ വാടക കൊടുത്ത് ഭക്ഷണം ഓഡിറ്റോറിയത്തിൽ കൊണ്ടുവന്ന് കൊടുത്തത് സൗക്ര്യത്തിനായിരിക്കും. 80 പേർക്ക് ഭക്ഷണം കൊണ്ടുവന്ന കാന്റീൻ മാനേജർ ഒരു നിയന്ത്രണവുമില്ലാതെ വന്നവർക്കെല്ലാം ഭക്ഷണം കൊടുത്തപ്പോൾ അയാളുടെ കൈവശം പാഞ്ചാലിയുടെ അക്ഷയപാത്രമോ? അഞ്ച് അപ്പംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച അത്ഭുതമോ?

ടാറ്റാ, ബിർള മുതലായ കോടീശ്വരന്മാരുടെ ഗണത്തിൽ നമ്മുടെ ഒരു സഭാംഗവും ഉണ്ടെന്നുള്ളത് നമുക്ക് അഭിമാനകരമാണ്. ഇക്കാര്യം സഭയിലെ ഉന്നത സ്ഥാനീയർ സഭാംഗങ്ങളെ ബോധവൽക്കരിക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്യാതിരുന്നതുമൂലമാണ് പരുമലയിലും ദുബായിലും അതു സ്വയം പറയേണ്ടിവന്നത്.

മേൽ വിവരിച്ച സാഹചര്യത്തിൽ പ.ബാവാ തിരുമേനി നേരിട്ട് പത്തനംതിട്ടയിലെ അസോസിയേഷൻ സമ്മേളനത്തിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയെയും ബന്ധപ്പെട്ടവരെയും വിളിച്ചുകൂട്ടി സുതാര്യമായി കണക്കുകൾ ജനങ്ങൾ അറിയത്തക്കവണ്ണം പ്രസിദ്ധീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

# മാർ പീലക്സിനോസ് അനുസ്മരണം ജൂൺ 2ന് പത്തനാപുരത്ത്

പത്തനാപുരം : ഡൽഹി ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത ജോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ അനുസ്മരണാർത്ഥം അദ്ദേഹം കബറടങ്ങിയിരിക്കുന്ന പത്തനാപുരം മൗണ്ട് താബോർ ദയറായിൽ ജൂൺ രണ്ടിന് ഡൽഹി ഭദ്രാസനാംഗങ്ങൾ ഒത്തുകൂടുന്നു. വി.കുർബ്ബാന, കബറിങ്കൽ ധൂപപ്രാർത്ഥന, അനുസ്മരണ സമ്മേളനം എന്നിവ ഉണ്ടായിരിക്കും. ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ ദിമത്രെയോസ്, ഭദ്രാസന സെക്രട്ടറി എം.എസ്.സഖറിയാ റമ്പാൻ തുടങ്ങിയവർ നേതൃത്വം നൽകും. ക്രമീകരണങ്ങൾക്ക് ഭദ്രാസന യുവജനപ്രസ്ഥാനം നേതൃത്വം നൽകും.

# ചോദ്യോത്തരങ്ങൾ.....പേജ് 5–ൽനിന്ന്

മെറിറ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് സഭാവക സ്ഥാപനങ്ങളിലെ അക്കാഡമിക്ക് നിലവാരം ഉയർത്തുന്നതിന് സഹായകരമാകും.

സഭാവക സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ 90 ശതമാനവും സഭാംഗമെന്ന പ്രത്യേക ആനുകൂല്യത്തിലാണ് നിയമനം ലഭിച്ച് ജോലി ചെയ്യുന്നത്. ഇങ്ങനെയുള്ളവർ പെൻഷനായിക്കഴിഞ്ഞാൽ ശമ്പളം പറ്റാതെ ജോലിചെയ്യുവാൻ സന്നദ്ധരായാൽ മാത്രമെ സഭാവക സ്ഥാപനങ്ങളിൽ നിയമിക്കാവൂ. മറ്റുസ്ഥാപനങ്ങളിൽ ജോലിചെയ്തു വിരമിച്ചമാനേജുമെന്റ് വിദഗ്ദ്ധരും ശാസ്ത്രജ്ഞന്മാരുമായിട്ടുള്ള പ്രഗത്ഭരായ സഭാംഗങ്ങളെ കണ്ടെത്തി അവരുടെ സേവനം സഭയ്ക്ക് പ്രയോജനപ്പെടുത്തണം. അങ്ങനെയുള്ളവരുടെ ഒരു ഡേറ്റാ ബാങ്ക് ഉണ്ടാക്കുന്നത് നന്നായിരിക്കും.

**ഉത്തരം** : നിർദ്ദേശം പരിഗണനാർഹമാണ്.

## ശ്രീ.എം.എ.അന്ത്രയോസ്

ചോദ്യം : മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ മെഡിക്കൽ കോളജ് കോലഞ്ചേരി എന്ന സ്ഥാപനത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ നമ്മുടെ സഭയ്ക്ക് ഏതെങ്കിലും വിധത്തിലുള്ള അധികാരമോ നിയന്ത്രണമോ അവകാശമോ ഉണ്ടോ? ഇല്ലെങ്കിൽ ടി.സ്ഥാപനം മലങ്കര ഓർത്തഡോക്സ് സഭയുടേതാണെന്ന ധാരണയിലും, നമ്മുടെ സഭാംഗങ്ങളായ വിദ്യാർത്ഥികൾക്ക് വെല്ലൂർ മെഡിക്കൽ കോളജിൽ നഷ്ടമായ സ്പോൺസർഷിപ്പ് സൗകര്യം പുനസ്ഥാപിക്കുവാനുള്ള നടപടികൾ ഫലപ്രദമായി സ്വീകരിക്കുവാൻ സാധിക്കുമോ?

**ഉത്തരം** : പരിശുദ്ധ സഭയുടെ പരോക്ഷ നിയന്ത്രണം ഉണ്ട്. സംസ്ഥാന സർക്കാരിന്റെ സ്വാശ്രയ മെഡിക്കൽ പ്രവേശന നിബന്ധനകൾക്കു വിധേയമായി ക്രിസ്ത്യൻ കൺസോർഷ്യം തയ്യാറാക്കുന്ന മെറിറ്റ് അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും 10 ശതമാനം സംവരണം ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് നൽകുന്നുണ്ട്.

**ചോദ്യം** : നമ്മുടെ സഭയുടെ പരിപൂർണ്ണ ഉടമസ്ഥതയിലും അധികാരത്തിലും ഒരു മെഡിക്കൽ കോളജ് സ്ഥാപിക്കുവാനുള്ള സാധ്യതയോ ആലോചനയോ നിലവിലുണ്ടോ?

**ഉത്തരം** : നിലവിൽ ആലോചനയില്ല.

Since 1971

മാർ തേവോദോസിയോസ് മെമ്മോറിയൽ മെഡിക്കൽ മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ്

ശാസ്താംകോട്ട

Ph.0476 2830258, 2833258, 9447019084

(KNC & INC Approved)

മലങ്കര ഓർത്തഡോക്സ് സഭ കൊല്ലം ഭദ്രാസനത്തിന്റെ ചുമതലയിലുള്ള ശാസ്താംകോട്ട ശുദ്ധജല തടാകത്തിന് സമീപത്തായി സ്ഥിതിചെയ്യുന്ന MTMMM ആശുപത്രിയിലെ (155 Beded) സ്കൂൾ ഓഫ് നഴ്സിംഗിൽ ജനറൽനഴ്സിംഗ് & മിഡ്വൈഫറി കോഴ്സിന്റെ 13–ാ മത് ബാച്ചിലേക്കുള്ള അഡ്മിഷൻ

ജൂൺ 1 മുതൽ ആരംഭിക്കുന്നു.

+2/VHSE സയൻസ് സബ്ജക്ടിന് 40% ത്തിൽ കൂടുതൽ മാർക്കുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

- ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് മുൻഗണന
- കാപ്പിറ്റേഷൻ ഫീ ഇല്ല, ഗവ: അംഗീകൃതഫീസ് മാത്രം
- മികച്ച ഹോസ്റ്റൽ സൗകര്യം
- സ്പോക്കൺ ഇംഗ്ലീഷ് IELTS എന്നിവയ്ക്ക് സ്പെഷ്യൽ ക്ലാസ്സ്

# സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ചർച്ച് ബിരിക്കുളം കാസർഗോഡ്

## അഭ്യർത്ഥന

കാസർഗോഡ് ജില്ലയിൽ നിലേശ്വരത്തുനിന്നും 30 കിലോമീറ്റർ ദൂരെ ബിരിക്കുളം എന്ന സ്ഥലത്ത് പ.പരുമല തിരുമേനിയുടെ നാമത്തിൽ ഈ ദേവാലയം സ്ഥിതിചെയ്യുന്നു. തെക്കൻ പ്രദേശങ്ങളിൽനിന്നും കുടിയേറിപാർത്ത നമ്മുടെ ആളുകൾ മുൻപ് പള്ളിയില്ലാതിരുന്നതിനാൽ പലരും മറ്റ് ഇതര സഭാവിഭാഗങ്ങളിലേക്ക് പോയി. എന്നാൽ ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറച്ചുനിന്ന നമ്മുടെ കുറേ പാവപ്പെട്ടവരായ ആളുകൾ (16 കുടുംബം) 1997–ൽ ചെറിയ ഒരു പള്ളിക്കെട്ടിടം ഉണ്ടാക്കി അതിൽ ഇന്നുവരെയും ആരാധന നടത്തിവരുന്നു. മാസത്തിൽ രണ്ട് ശനിയാഴ്ചകളിൽ മാത്രം വി.കുർബ്ബാന നടക്കുന്നു.

ഇപ്പോഴുള്ള ഈ കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. ഈ ദേവാലയം പുതിയ ഭദ്രാസനമായ ബ്രഹ്മവാറിൽഉൾപ്പെടുന്നു. ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് തിരുമനസ്സുകൊണ്ട് 2011 നവംബർ മാസം 20–ാം തീയതി പുതിയ പള്ളിക്കുള്ള കല്ലിടൽ കർമ്മം നിർവ്വഹിക്കുകയുണ്ടായി. ബിരിക്കുളം പരപ്പ മെയിൻ റോഡ് സൈഡിൽ സ്ഥിതിചെയ്യുന്ന ഈ ദേവാലയം പുനർനിർമ്മാണം നടത്തുമ്പോൾ സഭയ്ക്കും നാടിനും അഭിമാനമായി മനോഹരമായ ഒരു ദേവാലയം പണിയേണ്ടതുണ്ട്. 18 ലക്ഷം രൂപയോളം ഇതിനായി ആവശ്യമുണ്ട്. ഇതിനോടകം ഒരുലക്ഷം രൂപ മുടക്കി കിണർ കുഴിച്ചു. ആവശ്യത്തിനുള്ള വെള്ളവും ലഭിച്ചു. പുതിയ പള്ളിയുടെ പില്ലറിന്റെ കുഴികളും എടുത്തുകഴിഞ്ഞു. മുന്നോട്ടുള്ള പണിയിൽ സഭാമക്കളായ എല്ലാവരുടെയും സഹായം ഉണ്ടെങ്കിലേ ദേവാലയം പണിയാൻ സാധിക്കുകയുള്ളു. പള്ളിനിർമ്മാണ ആവശ്യത്തിലേക്ക് കാനറാ ബാങ്ക് കുന്നംകൈ ശാഖയിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. A/C 1780101008304, IFSC Code CNRB 000 1780. പള്ളിപണി പൂർത്തീകരണത്തിനായി നിങ്ങളാൽ കഴിയുന്നവിധം സഹായിക്കണമെന്ന് താൽപര്യപ്പെടുന്നു.

എന്ന് വികാരി, **ഫാ.പി.സി.അലക്സ് പേരോത്ത് (ഫോൺ : 9446297447**

ഹാരവും എന്തെളുപ്പമാകുമായിരുന്നു. വിശ്വാസത്തിന്റെയോ വി.കുർബ്ബാനയുടെയോ മറ്റ് ആചാരാനുഷ്ഠാനത്തിന്റെയോ പേരിലായിരുന്നു വ്യവഹാരങ്ങളെങ്കിൽ പറഞ്ഞുതീർക്കാൻ കഴിയുമായിരുന്നു. നിഖ്യായിലും എഫേസോസിലും കുസ്തന്തീനോപോലീസിലും വച്ചുണ്ടായ മൂന്നു പൊതു സുന്നഹദോസുകളിലൂടെ ക്രൈസ്തവസഭകൾക്കിടയിലുണ്ടായിരുന്ന പല ആശയ പിശകുകൾക്കും വിശ്വാസ വിപരീതങ്ങൾക്കും വാദപ്രതിവാദങ്ങൾക്കുമെല്ലാം പരിഹാരം ഉണ്ടാക്കി പൊതുധാരണയിൽ എത്തിച്ചേരാൻ കഴിഞ്ഞത് ഇന്നു നിലവിലുള്ള എല്ലാ അപ്പോസ്തോലിക സഭകൾക്കും ഒരു പാഠമാണ്. എന്നാൽ ഇതൊന്നുമല്ല മലങ്കരസഭയുടെ ലൗകീക സമ്പത്തുകളെ മൊത്തത്തിൽ വെട്ടിവിഴുങ്ങണം. അതിനുവേണ്ടി മാത്രമാണ് കടിവിട്ടുപോകാത്ത ചേട്ടയെപ്പോലെ നീതിക്കു നിരക്കാത്ത അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ട് ഇവർ മലങ്കരസഭയുടെ മേൽ വ്യവഹാരങ്ങളുടെ കടി മുറുക്കിക്കൊണ്ടിരിക്കുന്നത്.

കർത്താവ് തമ്പുരാൻ തലയായിരിക്കുന്ന ഒരു സഭയിലും ഇത്തരം ദുഷ്ടത ഉണ്ടാകാൻ പാടില്ല. ഉണ്ടായാൽ അത്തരം സഭകൾ ക്രിസ്തീയസഭകൾ അല്ല. അത്തരം സഭകളെ നയിക്കുന്നത് ദൈവാത്മാവുമല്ല. അത്തരത്തിൽപ്പെട്ട ഒരു സഭ മലങ്കരസഭയെ നിരന്തരം അതിക്രമിച്ചുകൊണ്ടിരിക്കുന്നത് തങ്ങളുടെ ലക്ഷ്യം നിറവേറും എന്ന പ്രതീഷയോടൊന്നുമല്ല. കിട്ടിയാൽ കിട്ടിക്കോട്ടെ ഇല്ലെങ്കിൽ ആർക്കും പ്രയോജനപ്പെടാതെ പാഴായിപ്പോകട്ടെ എന്ന ദുഷ്ടലാക്കോടെയാണ്. ഇങ്ങനെ ആർക്കും ഉപയോഗപ്പെടാതെ പൂട്ടിക്കിടന്ന് പാഴായിപ്പോയ ദേവാലയങ്ങൾ ഈ കൊച്ചുകേരളത്തിലുണ്ട്.

നിർഭാഗ്യമെന്നു പറയട്ടെ മാർത്തോമ്മാശ്ലീഹായുടെ ആത്മീയ മക്കൾക്ക് മാത്രം അവകാശപ്പെട്ട അനേകം ദേവാലയങ്ങളിൽ കോടതികളുടെയും അധികാരവർഗ്ഗത്തിന്റെയും പിൻബലത്തിൽ കടന്നുകയറി തവണയായി ആരാധന നടത്തുന്ന ദുരവസ്ഥയും മലങ്കര സഭ സഹിക്കുന്നുണ്ട്. ഒരേ ആരാധനാ സംസർഗ്ഗം പുലർത്തിവരുന്ന രണ്ട് സഭകൾ ഒരേ ദിവസം ഒരേ ദേവാലയത്തിലെ ഒരേ ബലിപീഠത്തിൽ തവണയുടെ ആനുകൂല്യത്തിൽ രണ്ട് ബലി അർപ്പിക്കുന്നത് ദൈവനീതിക്ക് നിരക്കുന്നതല്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ പ്രതിപക്ഷം നിർബന്ധബുദ്ധ്യാ ബലിയർപ്പിക്കുന്നതും, കോടതിയും അധികാരവർഗ്ഗവും അതിന് കൂട്ടുനിൽക്കുന്നതും നാടിനും നാട്ടാർക്കും വിധിപ്രഖ്യാപിച്ചവർക്കും ഇതിൽ ഭാഗഭാക്കാകുന്ന എല്ലാവർക്കും ദൈവകോപത്തിന്റെ തീക്കനൽ തലയിൽ കോരിയിടുവാൻ മാത്രമെ ഉപകരിക്കുകയുള്ളു.

ഇത്തരം കഠിനഹൃദയമുള്ള ദുഷ്ടാത്മാവ് നയിക്കുന്ന ഒരു സഭയോട് ക്രൈസ്തവമാർഗ്ഗത്തിൽ പ്രശ്നങ്ങൾ പരിഹരിച്ച് രമ്യപ്പെട്ട് പോകണമെന്ന് സമാധാന കാംക്ഷികൾ അറിഞ്ഞുകൊണ്ട് പ്രത്യാശ അർപ്പിക്കുന്നത് നിർഭാഗ്യകരമാണ്. അതുകൊണ്ട് സമാധാന കാംക്ഷികൾ തങ്ങളുടെ തിരുക്കർമ്മങ്ങൾ എവിടെ എങ്ങനെ എപ്പോൾ തുടങ്ങണമെന്ന് നന്നായി പഠിച്ചിട്ട് അവിടെ അങ്ങനെ ചെയ്യണമെന്നാണ് ഈയുള്ളവന് പറയാനുള്ളത്. സഭയ്ക്ക് അനുകൂലമായുണ്ടായ കോടതിവിധികൾ നടപ്പാക്കിത്തരേണ്ട ഉത്തരവാദം വിധികർത്താക്കൾക്കും നാടുഭരിക്കേണ്ട സർക്കാരിനുമുണ്ട്. എന്നാൽ ഒന്ന് മൗനം പാലിക്കുന്നു. മറ്റേത് നിഷ്ക്രിയവുമാണ്. അതുകൊണ്ട് സഭയിൽ സമാധാനം ഉണ്ടാകണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന സമാധാന കാംക്ഷികളുടെ കൂട്ടായ്മകൾ ദേശത്ത് എവിടെയെങ്കിലുമുണ്ടെങ്കിൽ അവർ ആദ്യം ചെയ്യേണ്ടത് എവിടെനിന്ന് പ.സഭയ്ക്ക് ആധികാരികമായ നീതി ലഭിക്കേണ്ടതുണ്ടോ. ആ സ്ഥാപനത്തെയും അത് നടപ്പാക്കിത്തരേണ്ട ഭരണകൂടത്തെയും നിർബന്ധിച്ച് ലക്ഷ്യം നിറവേറുന്നതുവരെ പോരാടുകയാണ് വേണ്ടത്. അതോടൊപ്പം സഭയുടെ സമ്പത്ത് മോഹിച്ച് അവകാശവാദം ഉന്നയിക്കുന്ന ഭീകരവാദികളെ നിലയ്ക്കുനിർത്തുകയും ചെയ്യുക.

മലങ്കരസഭയിൽ പ്രശ്നങ്ങൾ അവസാനിപ്പിച്ച് സമാധാനം ഉണ്ടാക്കാൻവേണ്ടി സമാധാന കാംക്ഷികളുടെ സംഘടനകൾ രൂപീകരിക്കുന്നത് സ്വാഗതാർഹം തന്നെ. വൈദികശ്രേഷ്ഠരും ബുദ്ധിജീവികളും അതിന്റെ ചുക്കാൻ പിടിക്കാൻ സന്നദ്ധരായാൽ അത്യുത്തമം.

രണ്ടര വർഷങ്ങൾക്കു മുമ്പ് അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ മുടക്കപ്പെട്ട യൂറോപ്പിലെ സിറിയൻ ഓർത്തഡോക്സ് സഭാദ്ധ്യക്ഷനായ ഒരു ഗുർഗാൻ പാതിരി മലങ്കരയിൽ വന്ന് വീണ്ടും തിരുമേനിപട്ടം സ്വീകരിച്ച് അധികം താമസിയാതെ സ്വന്തമായി സഭയുണ്ടാക്കി മലങ്കരസഭയെതന്നെ വെല്ലുവിളിച്ച ചരിത്രം ഇന്നും ചൂടാറാത്ത വാർത്തയായി ഇവിടെ ചുറ്റിക്കറങ്ങുന്നുണ്ട്. ചുക്കാൻ പിടിക്കുന്നവർ നേതാവായി, നേതാവ് മൂത്ത് തിരുമേനിയായി, തിരുമേനി കാതോലിക്കാ ബാവാ ആകാൻ ഇടയായാൽ കൂനിന്മേൽ കുരുവെന്ന് പറയുന്നതുപോലെ ഗുർഗാൻ ചരിത്രം ആവർത്തിക്കപ്പെടുവാൻ ഇടയുണ്ട്. അതുകൊണ്ട് മറ്റൊരു ഗുർഗാൻ ഇവിടെ ഉണ്ടാകാതെ നോക്കേണ്ട ചുമതലകൂടെ മലങ്കരസഭയ്ക്കുണ്ട്. വിശദവിവരത്തിന് മലങ്കരസഭാദീപം 2010 ഏപ്രിൽ 16–30 ലക്കം കാണുക.


Vol. 18 Issue 15
June 1-15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/ 163/2012-2014
Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

ചിരിവര ———— ജോയി കുളനട




## സ്ക്കൂൾകിറ്റ് വിതരണം ചെയ്യുന്നു

ദുബായ് : ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കാലം ചെയ്ത ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്താ ഔഗേൻ മാർ ദീവന്നാസിയോസ് തിരുമേനിയുടെ നാമത്തിൽ ഇടുക്കി ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്കുള്ള സ്ക്കൂൾകിറ്റ് ജൂൺമാസം ആദ്യവാരത്തിൽ വിതരണം ചെയ്യുന്നു. എഴുപതിൽപരം കുട്ടികൾക്കാണ് ആദ്യഘട്ടത്തിൽ നൽകപ്പെടുന്നത്. സ്ക്കൂൾ കുട്ടികൾക്കുള്ള കിറ്റുമായി പോകവെയാണ് അഭിവന്ദ്യ ഔഗേൻ തിരുമേനി 2007 ജൂൺമാസം 6-ാം തീയതി വാഹനാപകടത്തിൽ കാലം ചെയ്തത്. ഇടുക്കി ഭദ്രാസന യുവജനപ്രസ്ഥാനം പ്രസ്തുത പരിപാടിയുടെ ക്രമീകരണങ്ങൾ നിവർവ്വഹിക്കും.

## ധ്യാനയോഗം

ചെങ്ങന്നൂർ ഭദ്രാസന സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള ധ്യാനയോഗത്തിന്റെ ഉദ്ഘാടനം ജൂൺ 1ന് പന്തളം അറത്തിൽ സെന്റ് ജോർജ് മഹായിടവകയിൽ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കും.

## യുവജനപ്രസ്ഥാനം വാർഷിക ക്യാമ്പ്

തേവലക്കര : കൊല്ലംഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനവും ലീഡേഴ്സ് ക്യാമ്പും മെയ് 18,19,20 തീയതികളിൽ തേവലക്കര മർത്തമറിയം ഓർത്തഡോക്സ് പള്ളിയിൽവെച്ച് നടന്നു. 18-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഫാ.ഡാനി കപ്പൂച്ചിൻ ഒരുക്കധ്യാനം നടത്തി. ശനിയാഴ്ച ഫാ.ഐസക് ബി.പ്രകാശ്, ഡോ.ജസ്റ്റിൻ പടമാടൻ എന്നിവർ ക്ലാസ്സ് എടുത്തു. ഉച്ചയ്ക്കുശേഷം നടന്ന പ്രതിനിധി സമ്മേളനത്തിൽവെച്ച് ഭദ്രാസനകമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തി. മെയ് 20 ഞായറാഴ്ച്ച സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിലുള്ള വി.കുർബ്ബാനയ്ക്കുശേഷം ഫാ.തോമസ് പി.മുകളിൽ സെമിനാർ നടത്തി. ഉച്ചയ്ക്കുശേഷം നടന്ന വാർഷിക സമ്മേളനം റവന്യൂ വകുപ്പ് മന്ത്രി അടൂർ പ്രകാശ് ഉദ്ഘാടനം ചെയ്തു. സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. കോവൂർ കുഞ്ഞുമോൻ എം.എൽ.എ. ഭദ്രാസനത്തിൽ നിർദ്ധനരായ മൂന്ന് കുട്ടികൾക്ക് 25000 രൂപാ വീതം നൽകുന്ന മംഗല്യ സഹായനിധി വിതരണം നിർവ്വഹിച്ചു. ഫാ.ജോൺ ചാക്കോ, ഫാ.എം.എം.വൈദ്യൻ, ഫാ.ഏബ്രഹാം എം.വർഗീസ്, ഫാ.ജോസ് എം.ദാനിയേൽ, ഫാ. ജോൺ റ്റി.വർഗീസ്, ജോൺസൺ കല്ലട, വിജി തോമസ് വൈദ്യൻ, മാത്യു ജോൺ കല്ലുംമൂട്ടിൽ, ഷിനോയ് പി.കുഞ്ഞുമോൻ, എ.രാജു പുത്തൻ ബംഗ്ലാവ്, ഐറിൻ ഡോ.അലക്സ് എന്നിവർ പ്രസംഗിച്ചു.

## കലഹണ്ടിയിൽ വിഗ്രഹസേവ വിട്ട് വിജാതീയർ ഏകസത്യദൈവത്തിലേക്ക്

ഒറിസ്സാ : പരിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാൾദിനം ഒരു നസ്രാണി ക്രിസ്ത്യാനികളും ഇല്ലാത്ത കലഹണ്ടി മിഷനിൽ അഞ്ചുശതാബ്ദത്തിൽ അധികം ജനങ്ങളെകൊണ്ട് പള്ളി നിറഞ്ഞു. അവർ വിശ്വാസത്തിൽ ഉറച്ച് ദൈവസന്നിധിയിൽ കൂപ്പുകൈകളുമായി ഭക്തിപുരസ്സരം നിൽക്കുന്ന കാഴ്ച നമ്മെ അമ്പരപ്പിക്കും. നേർച്ചകാഴ്ചകളുമായി വന്ന വിജാതീയർ സമർപ്പിച്ച സ്തോത്രകാഴ്ച 6908 രൂപ. നമ്മുടെ പിതാക്കന്മാർക്ക് വിദൂരമായിരിക്കുന്ന കലഹണ്ടി മിഷൻ പെരുന്നാൾ വിജാതീയർക്ക് സ്വന്തമായിരിക്കുന്നു. പെരുന്നാളിന് ഫാ.ജി.തോമസുകുട്ടി (മാനേജർ) വി.കുർബ്ബാന അർപ്പിക്കുകയും തുടർന്നുള്ള റാസയിലും നേർച്ചവിളമ്പിലും ജനങ്ങൾ ഭക്തിപുരസ്സരം സംബന്ധിക്കുകയും ചെയ്തു.

## ദേവാലയകൂദാശയും ഓർമ്മപ്പെരുന്നാളും

കർണ്ണാടക : ചിക്കമംഗളൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശയും വി.ഗീവർഗീസ് സഹദായുടെ പെരുന്നാളും പാഴ്സനേജ് കൂദാശയും മെയ് 4,5 തീയതികളിൽ ബ്രഹ്മവാർ ഭദ്രാസനാധിപൻ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിലും വികാരി ഫാ.കുറിയാക്കോസ് തോമസ് പള്ളിച്ചിറ, ഫാ.എം.സി.മത്തായി, ഫാ.ജെയിംസ് കുറ്റിക്കണ്ടത്തിൽ, ഫാ.അജി തോമസ് ഫിലിപ്പ്, ഫാ.വർഗീസ് തേവർകാട്, ഫാ.ഗീവർഗീസ് മാത്യു, എന്നിവരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു.

## മാർ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളും യാത്രയയപ്പ് സമ്മേളനവും

കാര്യമ്പാടി : സുൽത്താൻ ബത്തേരി ഭദ്രാസനത്തിൽ കാര്യമ്പാടി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ പ.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ വിപുലമായി ആചരിച്ചു. പെരുന്നാൾ കർമ്മങ്ങൾക്ക് ഫാ.ഗീവർഗീസ് ജിൻസ് നെടിയവിള മുഖ്യകാർമ്മികത്വം വഹിച്ചു. കാര്യമ്പാടി സണ്ടേസ്ക്കൂളിൽ അരനൂറ്റാണ്ടുകാലം അദ്ധ്യാപകനായിരുന്ന പി.വി.ജോസഫ് ചെറുകര പുത്തൻപുരയിലിനെ സണ്ടേസ്ക്കൂൾ അനുമോദിച്ചു യാത്രയയപ്പു നൽകി. സമ്മേളനത്തിൽ വികാരി ഫാ.മോൻസി ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. ഫാ.ഗീവർഗീസ് ജിൻസ് നെടിയവിള അനുഗ്രഹപ്രഭാഷണം നടത്തി. മീനങ്ങാടി ഡിസ്ട്രിക്റ്റ് സെക്രട്ടി ബേബി മാത്യു മുഖ്യസന്ദേശം നൽകി. മിഥുൻ ജോസ്, ദിലീപ് എന്നിവർ ആശംസയും അറിയിച്ചു.

## ശ്രേഷ്ഠ കാതോലിക്കാ ബാവായും മെത്രാപ്പോലീത്തന്മാരും മുഖ്യമന്ത്രിയും മന്ത്രിമാരുമായി ചർച്ച നടത്തി

തിരുവനന്തപുരം : യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ സഭയിലെ 25 ബിഷപ്പന്മാരടങ്ങുന്ന സംഘം തിരുവനന്തപുരത്തെത്തി മുഖ്യമന്ത്രിയുമായും മന്ത്രിമാരുമായും ചർച്ച നടത്തി. യാക്കോബായ സഭാ സുന്നഹദോസ് നടക്കുന്ന വേളയിൽ മെത്രാൻസംഘം തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിന് സമീപമുള്ള സെന്റ് പീറ്റേഴ്സ് യാക്കോബായ സിംഹാസനപള്ളിയിൽ എത്തി. അവിടെ മുഖ്യമന്ത്രിയും മന്ത്രിമാരുമെത്തിയായിരുന്നു കൂടിക്കാഴ്ച. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ആഭ്യന്തരമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഭക്ഷ്യ സിവിൽസപ്ലൈസ് മന്ത്രി അനൂപ് ജേക്കബ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. മുൻ മന്ത്രി റ്റി. യു.കുരുവിളയും യാക്കോബായ സഭാംഗങ്ങളായ മറ്റ് രാഷ്ട്രീയ നേതാക്കന്മാരും സന്ദർശനവേളയിൽ ഉണ്ടായിരുന്നു.

പിറവം തെരഞ്ഞെടുപ്പിന് ശേഷം കടുത്ത അനീതിയാണ് സംസ്ഥാന സർക്കാർ യാക്കോബായ സഭയോട് കാണിച്ചതെന്ന് ശ്രേഷ്ഠ ബാവാ പറഞ്ഞു. തർക്കം നടക്കുന്ന പള്ളികളിൽ 90 ശതമാനവും യാക്കോബായ വിശ്വാസികളാണ്. അവകാശവാദവുമായി വരുന്ന നിസ്സാരകൂട്ടത്തിന്റെ ആരാധനാസ്വാതന്ത്ര്യം നിഷേധിക്കുവാൻ സഭ ഉദ്ദേശിക്കുന്നില്ല. കേസുകളിലെല്ലാം യാക്കോബായ സഭയ്ക്ക് അനുകൂലമായാണ് കോടതിവിധികൾ ഉണ്ടായിട്ടുള്ളത്. എന്നിട്ടും സംരക്ഷണം തരാൻ പോലീസ് കൂട്ടാക്കുന്നില്ല. പഴന്തോട്ടം പള്ളിയിൽ ഉണ്ടായ സംഘർഷത്തിന്റെ പേരിൽ വിശ്വാസികളെ കള്ളകേസിൽപെടുത്തി പീഡിപ്പിക്കുകയാണെന്ന് മുഖ്യമന്ത്രിയുമായി ഉള്ള കൂടിക്കാഴ്ചയ്ക്കുശേഷം നടന്ന പത്രസമ്മേളനത്തിൽ ശ്രേഷ്ഠ ബാവാ ആരോപിച്ചു.

പിറവം ഉപതെരഞ്ഞെടുപ്പ് സമയത്ത് പരാതികൾ പരിഹരിക്കാമെന്ന് പറഞ്ഞ സർക്കാർ പോളിംഗ് സമയം അവസാനിച്ച് അഞ്ചുമിനിറ്റ് കഴിയുന്നതിനകം പഴന്തോട്ടത്തിൽ വിശ്വാസികളെ തല്ലിച്ചതച്ചു. ജനങ്ങൾ തെരഞ്ഞെടുത്ത തങ്ങളുടെ ആളുകൾകൂടി പ്രതിനിധീകരിക്കുന്ന സർക്കാരാണുള്ളതെന്ന കാര്യം വിസ്മരിക്കരുതെന്നും ശ്രേഷ്ഠ ബാവാ പറഞ്ഞു. സർക്കാർ നിശ്ചയിക്കുന്ന ആരെങ്കിലും തങ്ങൾ പറയുന്നത് ശരിയല്ലാ എന്നു പറഞ്ഞാൽ ഒഴിഞ്ഞുകൊടുക്കാൻ തയ്യാറാണെന്നും ശ്രേഷ്ഠ ബാവാ പറഞ്ഞു.

## ശതാബ്ദി ആഘോഷിക്കുന്ന കാതോലിക്കേറ്റ് ഇനിയും മുന്നേറണം : ഫാ.ഡോ.എം.ഒ.ജോൺ

ദോഹ : ശതാബ്ദി ആഘോഷിക്കുന്ന കാതോലിക്കേറ്റ് ഇനിയും കൂടുതൽ വ്യക്തമായ അധികാരാവകാശങ്ങളോടെ മുന്നേറണമെന്ന് ഫാ.ഡോ.എം.ഒ.ജോൺ അഭിപ്രായപ്പെട്ടു. 1912 -ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കുമ്പോൾ പരിമിതമായ അധികാരാവകാശങ്ങളെ ഉദ്ദേശിച്ചിരുന്നുള്ളു. അതിനുശേഷം സ്വതന്ത്രമായ കാതോലിക്കാ വാഴ്ചകളും 1934-ൽ സഭാഭരണഘടനയും ഉണ്ടായി. 1912-ലെ അവസ്ഥയിൽനിന്ന് കാതോലിക്കേറ്റിന് വളരെയധികം മുന്നേറേണ്ടതായിട്ടുണ്ട്. ശതാബ്ദി ആഘേഷവേളയിൽ അത് സാധിക്കണമെന്ന് ഫാ.ഡോ. എം.ഒ.ജോൺ പറഞ്ഞു. കാതോലിക്കേറ്റിന്റെ ചരിത്രം കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ സാഹചര്യം ഇനിയും കാതോലിക്കേറ്റ് ആർജ്ജിച്ചെടുക്കേണ്ട അധികാരാവകാശങ്ങൾ തുടങ്ങിയവയെക്കുറിച്ച് ആധികാരികമായ പഠനവും ചർച്ചയും നടക്കണമെന്നും അദ്ദേഹം പറഞ്ഞു. കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ദോഹ ഓർത്തഡോക്സ് പള്ളിയിൽ നടന്ന സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇടവക വികാരി ഫാ.എം.എസ്.ജോയി, ഫാ.ജോയി എം.സ്ക്കറിയാ, ഫാ.ജോസ് ഐസക് തുടങ്ങിയവർ പ്രസംഗിച്ചു.

## ജോർജ്ജിയൻ അവാർഡ്

കൊല്ലം : ജോർജ്ജിയൻ തീർത്ഥാടന കേന്ദ്രമായ നല്ലില ബഥേൽ സെന്റ് ജോർജ് പള്ളി നൽകുന്ന ജോർജ്ജിയൻ അവാർഡ് ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റമോസ് വലിയ മെത്രാപ്പോലീത്തായ്ക്ക് പീതാംബരകുറുപ്പ് എം.പി. സമർപ്പിച്ചു. എം.എ.ബേബി, വികാരി ഫാ.കോശി വൈദ്യൻ, ഫാ.വൈ.തോമസ്, ഫാ.റ്റി.തോമസുകുട്ടി തുടങ്ങിയവർ പ്രസംഗിച്ചു.

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor